# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 സെപ്റ്റംബർ 25 | ദീപം 58 | നാളം 29 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




അഡ്വ. വി.സി. സെബാസ്റ്റ്യൻ



# ചൈനയുടെ ചതിക്കുഴിയിൽ ഇന്ത്യ വീഴുമോ?

അമേരിക്ക അടിച്ചേല്പിച്ച തീരുവയ്ക്കെതിരെയുള്ള ഇന്ത്യയുടെ പ്രതിവിധി പതിറ്റാണ്ടുകളായി ശത്രുതയിൽ കഴിയുന്ന ചൈനയുമായി കൂട്ടുചേരുന്നതാണോ? ഇന്ത്യയ്ക്കു ചൈനയെ എത്രമാത്രം വിശ്വസിക്കാനാവും? കാലങ്ങളായി തുടരുന്ന ഇന്ത്യാ-അമേരിക്ക വ്യാപാരബന്ധത്തിനു പകരംവയ്ക്കാൻ ചൈനയുമായുള്ള കൂട്ടുകെട്ടിനാകുമോ? കഴിഞ്ഞകാല ഇന്ത്യയുമായുള്ള ഉഭയകക്ഷിവ്യാപാരങ്ങളിൽ നേട്ടമുണ്ടാക്കിയത് അമേരിക്കയോ ചൈനയോ? ഇന്ത്യയിലെ പ്രവാസിസമൂഹത്തിനു കരുത്തും സംരക്ഷണവും പകരുന്നത് ഇതിലേതു രാജ്യം? ചൈനയുടെ പുതിയ സ്നേഹപ്രലോഭനത്തിനു കീഴ്പ്പെടാനൊരുങ്ങുമ്പോൾ ഇന്ത്യയ്ക്കു മുമ്പിലേക്കു വിരൽ ചൂണ്ടുന്ന ഒരുപിടി ചോദ്യങ്ങൾ ഇനിയുമുണ്ട്. ബിജെപി ഭരണവിരോധംപോലും മറന്ന് ഇന്ത്യയിലെ ഇടതുപക്ഷങ്ങൾ ഇന്ത്യാ-ചൈന ബന്ധത്തെ അഭിനന്ദിച്ച് ആശ്ലേഷിച്ചെങ്കിലും കേന്ദ്രസർക്കാർ രണ്ടുവട്ടം ആലോചിച്ചതിനുശേഷമേ ചൈനയുടെ ചതിക്കുഴിയിലേക്ക് എടുത്തുചാടാവൂ.

അമേരിക്കയുടെ 50 ശതമാനം ഇറക്കുമതിത്തീരുവ ഉയർത്തുന്ന വ്യാപാരപ്രതിസന്ധിക്കു മറുപടിയും മറുമരുന്നുമായി രാഷ്ട്രീയനയതന്ത്രത്തിന്റെ ഭാഗമായുള്ള വിലപേശലിനപ്പുറം പുതിയ ഇന്ത്യാ-ചൈനാ ബന്ധം ആത്മഹത്യാപരമായിരിക്കും. അതേസമയം അയൽപക്കത്തെ രാജ്യങ്ങളുമായി ഇന്ത്യയുടെ ചർച്ചകളും കൂടിക്കാഴ്ചകളും തെറ്റാണെന്നു പറയുന്നുമില്ല. ചുരുക്കത്തിൽ ഇന്ത്യാ-അമേരിക്കൻ ബന്ധങ്ങളെ അറുത്തുമുറിച്ചു മാറ്റുന്ന നടപടികളിലേക്കുള്ള ചുവടുവയ്പുകളുടെ അപകടങ്ങൾ വളരെ വലുതായിരിക്കും. അമേരിക്കയോടുള്ള പിണക്കം ചൈനയുമായുള്ള ഇണക്കത്തിലൂടെ പരിഹരിക്കപ്പെടില്ല.

### യുദ്ധചരിത്രം മറക്കരുത്

ചൈനയുമായുള്ള അതിർത്തിത്തർക്കമാണ് ഇന്ത്യയുടെ ഏറ്റവും വലിയ വെല്ലുവിളി. ഇതിനു പരിഹാരമുണ്ടാക്കാതെ എന്തു ചൈനീസ്ബന്ധം? ദലൈലാമയുടെ പിന്തുടർച്ച സംബന്ധിച്ചുള്ള തർക്കങ്ങളും അതിർത്തിയിൽ പരസ്പരസംശയത്തോടെയുള്ള സൈനികവിന്യാസവും തുടരുമ്പോൾ ഇരുരാഷ്ട്രത്തലവന്മാരുടെയും ആലിംഗനത്തിനപ്പുറം കൂടുതലൊന്നും പുത്തൻ കൂട്ടുകെട്ടിൽ പ്രതീക്ഷിക്കേണ്ടതില്ല. ചൈനാബന്ധത്തിലെ മഞ്ഞുരുകിയെന്ന വാർത്ത താത്കാലിക ആശ്വാസമേകുമെങ്കിലും സഹകരണത്തിന്റെ സാധ്യതകൾ വളരെ വിരളമാണ്.

1947, 1962, 1965 എന്നീ വർഷങ്ങളിൽ ചൈനയുമായി ഇന്ത്യ നടത്തിയ യുദ്ധത്തിന്റെ ചരിത്രം അമേരിക്കൻ വിരോധംപറഞ്ഞ് അപ്പാടെ മറക്കാൻ ഇന്ത്യയ്ക്കാകുമോ? പാക്കിസ്ഥാൻഭീകരന്മാരെ മുന്നിൽനിർത്തി ഇന്ത്യയ്ക്കെതിരേ ഒളിയുദ്ധം തുടരുന്ന ചൈനീസ് കുതന്ത്രവും ബുദ്ധിയും തിരിച്ചറിയാൻ കേന്ദ്രഭരണസംവിധാനങ്ങൾക്കാകുമെന്നാണു പ്രതീക്ഷ. 2025 സെപ്തംബർ ഒന്നിലെ ഷാങ്ഹായ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിങ്ങും ഇരുരാജ്യങ്ങളും ശത്രുക്കളല്ലെന്നും പങ്കാളികളാണെന്നും പറഞ്ഞ് പരസ്പരവിശ്വാസത്തോടെ ഒരുമിച്ചുനിൽക്കാൻ ധാരണയായെന്നു വിളിച്ചുപറഞ്ഞാൽ വിശ്വസിക്കാൻ മാത്രം വിഡ്ഢികളാണോ ഭാരതസമൂഹം? അഭിപ്രായവ്യത്യാസങ്ങൾ തർക്കങ്ങളായി മാറരുതെന്നും ഇന്ത്യാ - ചൈനാ ബന്ധം സുദീർഘമാണെന്നും ഇരുരാജ്യനേതാക്കളും അവകാശപ്പെട്ട് ഉച്ചകോടിയിൽ ഹസ്തദാനം ചെയ്തുപിരിഞ്ഞത് ഒരു ഔദ്യോഗികചടങ്ങിനപ്പുറം മുഖവിലയ്ക്കെടുക്കാനാവില്ല.

### ഇന്ത്യൻ വിപണിയിൽ ചൈന

ചൈനയുടെ ലക്ഷ്യം ഇന്ത്യയുടെ ആഭ്യന്തരവ്യാപാരവിപണിയാണ്. ഇന്ത്യാ-ചൈനാ ഉഭയകക്ഷി വ്യാപാരം വളരുന്നുവന്നു പറയുമ്പോൾ ഇന്ത്യയിലേക്കുള്ള ചൈനയുടെ ഇറക്കുമതി കുതിച്ചുയരുന്നുവെന്നതാണ് പരമാർഥം. ഇന്ത്യയിൽനിന്നു ചൈനയിലേക്കുള്ള കയറ്റുമതി ഇടിയുന്നത് ഭാവിയിൽ വൻ ആഘാതം സൃഷ്ടിക്കും. ചൈനീസ് ഇറക്കുമതി ഇന്ത്യൻ വിപണിയിൽ സൃഷ്ടിക്കുന്ന സ്വാധീനത്തിന്റെ വർദ്ധന നാളെ ഇന്ത്യയുടെ സാമ്പത്തിക അടിത്തറയ്ക്ക് സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ചെറുതായിരിക്കില്ല.

2024-25 ലെ ഇന്ത്യയുടെ ചൈനയിലേക്കുള്ള കയറ്റുമതി 14.25 ബില്യൻ ഡോളറായിരുന്നു. ഇറക്കുമതിയാവട്ടെ, 113.5 ബില്യൻ ഡോളർ. ചുരുക്കത്തിൽ ഏകദേശം 100 ബില്യൻ ഡോളറിന്റെ ലാഭം ചൈന, ഈ വ്യാപാരത്തിൽ നേടിയെടുത്തു. 2025-26 ഏപ്രിൽമുതൽ ജൂലൈവരെയുള്ള കണക്കെടുത്താൽ ഇന്ത്യയുടെ ചൈനയിലേക്കുള്ള കയറ്റുമതി 5.75 ബില്യൻ ഡോളർ.

►03

# ചൈനയുടെ ചതിക്കുഴിയിൽ ഇന്ത്യ വീഴുമോ?

1-ാം പേജ് തുടർച്ച

ചൈനയിൽ നിന്നുള്ള ഇറക്കുമതിയാകട്ടെ 40.65 ബില്യൻ ഡോളർ. അതായത്, ഈ സാമ്പത്തികവർഷത്തിലെ ആദ്യ നാലു മാസങ്ങളിൽത്തന്നെ ചൈനയുടെ ലാഭം ഏകദേശം 35 ബില്യൻ ഡോളർ. ഈ കണക്കുകൾ മാത്രം മതി, ഇന്ത്യാ-ചൈനാ വ്യാപാരബന്ധത്തിൽ ഇന്ത്യയുടെ അടിത്തറ മാന്തുന്നതെങ്ങനെയെന്നു തിരിച്ചറിയാൻ. ഇറക്കുമതിയിൽ ഇന്ത്യ അമിതമായി ആശ്രയിക്കുന്ന രാജ്യമാണ് ചൈന. ഉപ്പുതൊട്ട് കർപ്പൂരംവരെയുള്ള സാധനങ്ങൾ ചൈന ഇന്ത്യയിലേക്കു കയറ്റിയയയ്ക്കുന്നു. എന്നാൽ, ഇന്ത്യയാകട്ടെ ചൈനയിലേക്കു കയറ്റിയയയ്ക്കുന്നത് വിരലിലെണ്ണാവുന്ന ചിലയിനങ്ങൾ മാത്രം.

**അമേരിക്കൻ വ്യാപാരനേട്ടങ്ങൾ**

ഇന്ത്യൻ കയറ്റുമതിയുടെ നിലവിലുള്ള ഏറ്റവും വലിയ ലക്ഷ്യസ്ഥാനം അമേരിക്കയാണ്. ഈ വ്യാപാരബന്ധം ഇന്ത്യയ്ക്കു വൻസാമ്പത്തികനേട്ടമാണുണ്ടാക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ അമേരിക്കയിലേക്കുള്ള കയറ്റുമതിയിലൂടെ ഇന്ത്യ നേടിയത് 88.02 ബില്യൻ ഡോളർ. അമേരിക്കയിൽനിന്നുള്ള ഇറക്കുമതിയാകട്ടെ 43.01 ബില്യൻ ഡോളർ. ഇന്ത്യയ്ക്കു നേട്ടമോ 45.01 ബില്യൻ ഡോളർ.

ഇന്ത്യയിൽനിന്നുള്ള കയറ്റുമതിയുടെ 17.73 ശതമാനം അമേരിക്കയിലേക്കാണ്. അതേസമയം ചൈനയിലേക്കുള്ള കയറ്റുമതി 3.81 ശതമാനം മാത്രം. 192 രാജ്യങ്ങളിലേക്ക് 7500 ൽപരം ഉത്പന്നങ്ങൾ ഇന്ത്യ കയറ്റുമതി ചെയ്യുമ്പോൾ 140 രാജ്യങ്ങളിൽനിന്ന് 6000 ൽ പരം ഉത്പന്നങ്ങൾ ഇന്ത്യ ഇറക്കുമതി ചെയ്യുന്നു. ഇന്ത്യയിലേക്കുള്ള ഇറക്കുമതിയുടെ 15.06 ശതമാനവും ചൈനയിൽനിന്നാണ്. ഇപ്പോൾത്തന്നെ ഇറക്കുമതിരാജ്യങ്ങളിൽ ചൈന മുന്നിട്ടുനിൽക്കുമ്പോൾ വീണ്ടും ഇന്ത്യൻ വിപണി കീഴടക്കാൻ ചൈനയുമായി കൂട്ടുചേരുന്നത് അപകടമല്ലേ? അമേരിക്കയ്ക്കു പകരമുള്ള വിപണിയായി ചൈനയെ ആരും കാണേണ്ടതില്ല.

**കസാനിൽ സംഭവിച്ചത്**

റഷ്യയിലെ കസാനിൽ 2024 ഒക്ടോബറിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിൽ അതിർത്തിത്തർക്കങ്ങൾക്കു പരിഹാരം കാണുവാൻ വ്ളാഡിമിർ പുടിൻ മുൻകൈയെടുത്തു നടത്തിയ ചർച്ചകൾ ഇന്ത്യയും ചൈനയും തമ്മിലുള്ള പിരിമുറുക്കത്തിൽ അയവു വരുത്തിയിരുന്നു. ഇരു രാജ്യങ്ങളുടെയും അതിർത്തിയായ 3488 കി.മീ. നീളമുള്ള നിയന്ത്രണരേഖയിൽ പട്രോളിങ്ങിനുള്ള കരാറുണ്ടാക്കുക മാത്രമല്ല പരസ്പരബഹുമാനം ഉറപ്പാക്കി സമാധാനപരമായ ബന്ധം നിലനിർത്താനും ധാരണയായി. അഞ്ചു വർഷങ്ങൾക്കുശേഷമാണ് നരേന്ദ്രമോദി - ഷി ചിൻപിങ് കൂടിക്കാഴ്ച കസാനിൽ നടന്നത്. ഇതിനോടകം കിഴക്കൻ ലഡാക്കിലെ അതിർത്തിപ്രശ്നത്തിലും നിർണായകതീരുമാനമുണ്ടായി. കസാൻകരാറിന്റെ അടിസ്ഥാനത്തിൽ അതിർത്തിപ്രശ്നത്തിൽ സൈനികതലങ്ങളിൽ കൃത്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. പരസ്പരധാരണയോടെ മിക്ക തർക്കപ്രദേശങ്ങളിലും പട്രോളിങ് ശക്തമാക്കി. വാണിജ്യചർച്ചകളും തുടരുന്നു. ഇങ്ങനെ ഇന്ത്യാ-ചൈനാ ബന്ധത്തിൽ ഒട്ടേറെ അനുകൂലമായ സാഹചര്യത്തിൽ അടുത്തനാളിൽ രൂപപ്പെട്ടിരിക്കുന്നതെല്ലാം ഇന്ത്യയുടെ ആഭ്യന്തരവ്യാപാരവിപണിയെ ലക്ഷ്യം വച്ചുള്ളതാണ്.

**ചൈനയെ വിശ്വസിക്കാമോ?**

ചൈനയെ ഇന്ത്യയ്ക്കു വിശ്വസിക്കാമോ എന്ന ചോദ്യം വിവിധ കോണുകളിൽനിന്നുയരുന്നത് നിസ്സാരവത്കരിക്കരുത്. കഴിഞ്ഞ കാല അനുഭവങ്ങൾ ആ ദിശയിലേക്ക് വിരൽചൂണ്ടുന്നുണ്ട്. ഇന്ത്യയുടെ അയൽരാജ്യങ്ങളിലെ ചൈനീസ് സ്വാധീനം ചെറുതൊന്നുമല്ല. ശ്രീലങ്ക കേന്ദ്രീകരിച്ച് ചൈന ലക്ഷ്യമിട്ടത് ഇന്ത്യയെയാണെങ്കിലും അവസാനം ശ്രീലങ്കയെ കടക്കെണിയിലാഴ്ത്തി വരുതിയിലാക്കി കൈവിടാനും ചൈന മടിച്ചില്ല.



ഇന്ത്യയുമായി 2009 ൽ സ്വതന്ത്രവ്യാപാരക്കരാറിലേർപ്പെട്ട ആസിയാൻരാജ്യങ്ങൾ പലതും ചൈനയുടെ ബിനാമികളാണ്. ഇന്ത്യയും ചൈനയുമായി സ്വതന്ത്രവ്യാപാരക്കരാറില്ല. അതേസമയം ഇന്ത്യൻ ആഭ്യന്തരവിപണിയുടെ 24 ശതമാനവും ചൈനീസ് ഉൽപന്നങ്ങളിന്ന് കൈയടക്കിയിരിക്കുന്നു. ഇതെങ്ങനെയെന്ന ചോദ്യത്തിന് ആസിയാൻ സ്വതന്ത്രവ്യാപാരക്കരാറിന്റെ അനന്തരഫലമെന്നാണ് ഉത്തരം. ഇന്ത്യാ-ചൈനാ വ്യാപാരക്കരാർ വന്നാൽ ഇന്ത്യൻ ആഭ്യന്തരവിപണി ചൈന കീഴടക്കുമെന്നുറപ്പ്. ചുരുക്കത്തിൽ ഈ രാജ്യാന്തരകച്ചവടത്തിലൂടെ ഇന്ത്യക്കാർ എന്തു ഭക്ഷിക്കണം, എന്തു ധരിക്കണം, എന്തു പഠിക്കണം, ഏതു വാഹനങ്ങളിൽ യാത്ര ചെയ്യണം, ഏതു കമ്പ്യൂട്ടർ ഉപയോഗിക്കണം എന്നതുൾപ്പെടെ ജനജീവിതത്തെ അനുദിനം സ്പർശിക്കുന്ന വിവിധ വിഷയങ്ങളിലെ അവസാനവാക്ക് ചൈനയുടേതായി മാറും.

ഇന്ത്യയോടുള്ള സ്നേഹമല്ല, അമേരിക്കയോടുള്ള ചൈനയുടെ എതിർപ്പാണ് ഇപ്പോഴുള്ള അടുപ്പത്തിന്റെയും ആത്മബന്ധത്തിന്റെയും പിന്നാമ്പുറം. 2018 ലെ ഷാങ്ഹായ് ഉച്ചകോടിയിലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി അവസാനമായി ചൈന സന്ദർശിച്ചത്. അതിനുശേഷം 2020 ൽ ഗൽവാനിലും കിഴക്കൻ ലഡാക്കിലും ഇന്ത്യാ-ചൈനാ സൈന്യങ്ങൾ തമ്മിൽ ഉരസലുകളുണ്ടായി. അതിനാൽ 2025 ഓഗസ്റ്റ് 31 ന് ഇന്ത്യൻ പ്രധാനമന്ത്രി ചൈന വീണ്ടും സന്ദർശിച്ച് കൈകോർത്തുള്ള പ്രഖ്യാപനങ്ങൾ വിശ്വാസത്തിലെടുക്കേണ്ടതില്ല. അമേരിക്കയുടെ തീരുവയുദ്ധത്തിൽ ഇരയായി എന്ന കാരണംകൊണ്ട് മറ്റു വാണിജ്യ പങ്കാളികളെ കണ്ടെത്തേണ്ടതും ബന്ധങ്ങൾ നിലനിർത്തേണ്ടതും ഇന്ത്യയുടെയും ആവശ്യമാണ്. പക്ഷേ, ഇതു മനസ്സിലാക്കി ചൈന മുതലെടുക്കുവാൻ ശ്രമിച്ചാൽ തടയിടാൻ ഇന്ത്യയ്ക്കു സാധിക്കണം.

ഓപ്പറേഷൻ സിന്ദൂറിൽ ചൈനയിൽനിന്നുള്ള പിന്തുണ പാക്കിസ്ഥാനു ലഭിച്ചുവെന്നുള്ളത് പകൽപോലെ വ്യക്തം. പാക്കിസ്ഥാൻ - ചൈന ബന്ധം അട്ടിമറിക്കാനാണ് ഒരു പരിധിവരെ അമേരിക്ക പാക്കിസ്ഥാൻ സൈനികമേധാവിക്കു നല്കിയ വിരുന്നിലൂടെ ലക്ഷ്യമിട്ടത്. പാക്കിസ്ഥാനെ ചേർത്തുപിടിക്കുവാൻ അമേരിക്ക ശ്രമിക്കുമ്പോൾ ഒരുവെടിക്കു രണ്ടുപക്ഷിയെന്ന തന്ത്രവും പിന്നിലുണ്ട്. ഇന്ത്യയ്ക്കു വെല്ലുവിളിയും ചൈനയ്ക്കു ചുട്ടമറുപടിയും. തകർന്ന സമ്പദ്‌വ്യവസ്ഥയിൽ നിലനില്പിനായി ആരെയും കൂട്ടുപിടിക്കുന്ന ഗതികേടിലാണ് പട്ടാളവും മതവും നിയന്ത്രിക്കുന്ന പാക്കിസ്ഥാൻ ഭരണകൂടമിന്ന്. ഇതെല്ലാം കൂട്ടിച്ചേർത്തു വായിക്കുമ്പോൾ ഷാങ്ഹായ് ഉച്ചകോടി പുറംമോടിക്കപ്പുറം ലക്ഷ്യം കാണാതെയാണു സമാപിച്ചത്.

ഷാങ്ഹായ് ഉച്ചകോടിക്കു മുന്നൊരുക്കമായി 2025 ജൂണിൽ നടന്ന ഷാങ്ഹായ് അംഗരാജ്യ പ്രതിരോധമന്ത്രിമാരുടെ സമ്മേളനത്തിൽ ബലൂചിസ്താൻവിഷയത്തോടൊപ്പം പഹൽഗാം ഭീകരാക്രമണവും പരാമർശിക്കാത്തതിൽ പ്രതിഷേധിച്ച് സംയുക്തപ്രസ്താവനയിൽ ഒപ്പുവയ്ക്കാതെ ഇന്ത്യ പിൻമാറിയിരുന്നു. പഹൽഗാം ഭീകരാക്രമണം പ്രസ്താവനയിലുൾപ്പെടുത്താതിരുന്നതിന്റെ പിന്നിൽ പാക്കിസ്ഥാന്റെ തന്ത്രവും ഗൂഢാലോചനയുമായിരുന്നു. പിന്നീട് പഹൽഗാം ഭീകരാക്രമണത്തിൽ ഉൾപ്പെട്ട ദി റസിസ്റ്റന്റ്സ് ഫ്രണ്ടിനെ അമേരിക്ക ഭീകരസംഘടനയായി മുദ്രകുത്തിയപ്പോൾ ഭീകരാക്രമണത്തെ അപലപിച്ച് പ്രസ്താനവയിറക്കാൻ ചൈന നിർബന്ധിതമായി. ഈ പശ്ചാത്തലത്തിൽ ടിയാൻജിനിൽ നടന്ന ഷാങ്ഹായ് 25-ാം ഉച്ചകോടിയിൽ വ്യാപാരവിഷയങ്ങൾ, പ്രാദേശികസുരക്ഷ, അതിർത്തി പ്രശ്നങ്ങൾ എന്നിവയോടൊപ്പം ഭീകരവാദവും ചർച്ച ചെയ്യണമെന്ന ഇന്ത്യയുടെ നിലപാടിനെ ചൈനയ്ക്ക് അവസാനം പിന്തുണയ്ക്കേണ്ടി വന്നു.

**താൽക്കാലിക ക്രമീകരണങ്ങൾ**

ഷാങ്ഹായ് ഉച്ചകോടിക്കു മുമ്പുതന്നെ ചൈനയ്ക്കും ഇന്ത്യയ്ക്കും ഇടയിൽ നേരിട്ടുള്ള വിമാനസർവീസുകൾ പുനരാരംഭിക്കുവാനും യാത്രാ വിസ, ബിസിനസ് വിസ, മാധ്യമപ്രവർത്തകർക്കുള്ള വിസ എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുവാനും ഇരുരാജ്യങ്ങളും ധാരണയിലെത്തിയിരുന്നു. ഡോക്ലാം പ്രതിസന്ധിക്കുശേഷം നിർത്തിവച്ച വിമാനസർവീസുകൾ ആരംഭിക്കുവാനും, അതിർത്തിവ്യാപാരം പുനരാരംഭിക്കുവാനും, അതിർത്തി മാനേജ്മെന്റിനും സംഘർഷങ്ങൾ കുറയ്ക്കുന്നതിനുമായി നയതന്ത്ര, സൈനിക ചാനലുകൾ ശക്തിപ്പെടുത്തുവാനും നടപടിയുണ്ടായി. ഈ അനുകൂലസാഹചര്യങ്ങളെല്ലാം താൽക്കാലികക്രമീകരണങ്ങൾ മാത്രമാണ്. അതേസമയം അമേരിക്കയും പാക്കിസ്ഥാനും പരസ്പരം കൈകോർക്കുമ്പോൾ ചൈനയും റഷ്യയുമായിചേർന്ന് മെനയുന്ന മറുതന്ത്രം ഇന്ത്യയ്ക്കു നേട്ടമുണ്ടാക്കുമോ എന്ന ആശങ്കയും ശക്തമാകുന്നു. ഉഭയകക്ഷി ബന്ധങ്ങളിൽ പുത്തൻ അധ്യായം തുറക്കാനുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണെങ്കിലും അതിർത്തിത്തർക്കങ്ങൾക്കും നയതന്ത്ര പ്രശ്നങ്ങൾക്കും സ്ഥിരമായ പരിഹാരം കണ്ടേ പറ്റൂ. ഇന്ത്യാ-ചൈനാ അതിർത്തിത്തർക്കങ്ങളിൽ ഏറെ കലുഷിതമായ ബന്ധത്തിൽ നയതന്ത്രമുന്നേറ്റങ്ങളിലൂടെ പരിഹാരം കണ്ടെത്തിയാലത് ചരിത്രവിജയമാകും.

**ചൈനയുടെ നിർദേശങ്ങൾ**

2025 സെപ്തംബർ ഒന്നിന് ഇന്ത്യാ-ചൈനാ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനായി ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിങ് നാലു നിർദേശങ്ങളാണ് മുന്നോട്ടുവച്ചത്. 1. തന്ത്രപരമായ ആശയവിനിമയം ശക്തിപ്പെടുത്തുകയും പരസ്പര വിശ്വാസം വർധിപ്പിക്കുകയും ചെയ്യുക. 2. വിനിമയങ്ങളും സഹകരണവും വികസിപ്പിക്കുക. 3. പരസ്പരനേട്ടവും വിജയകരമായ ഫലങ്ങളും കൈവരിക്കുക. 4. പരസ്പരം ആശങ്കകൾ പരിഹരിക്കുകയും പൊതുതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ബഹുമുഖസഹകരണം ശക്തിപ്പെടുത്തുകയും ചെയ്യുക. ഈ നിർദേശങ്ങളിന്മേൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതികരണം വളരെ വ്യക്തതയുള്ളതായിരുന്നു. സുഗമമായ വികസന അജണ്ടകൾക്കും വ്യാപാരബന്ധങ്ങൾക്കും ആദ്യം വേണ്ടത് അതിർത്തിപ്രദേശങ്ങളിൽ സമാധാനവും ശാന്തിയും നിലനിർത്തുകയാണ് എന്നുള്ള മറുപടിയിൽ എല്ലാം ഒതുങ്ങുന്നു. അമേരിക്കയുടെ ഇറക്കുമതിത്തീരുവ ഉയർത്തുന്ന പ്രതിസന്ധിയിൽ രാഷ്ട്രീയതന്ത്രജ്ഞതയ്ക്കപ്പുറം ആരുടെ മുമ്പിലും തലകുനിക്കാൻ ഇന്ത്യയെ കിട്ടില്ലെന്നുള്ള മുന്നറിയിപ്പും ഈ മറുപടിയിലുണ്ട്.

**മഞ്ഞുരുകും നാളുകൾ**

എടുത്തുചാടി പ്രഖ്യാപനങ്ങൾ നടത്തുകയല്ല, അമേരിക്കയുമായി പരസ്പരം ചർച്ചചെയ്ത് തീരുമാനങ്ങളെടുക്കുകയാണ് ഇന്ത്യയ്ക്ക് ഇത്തരുണത്തിൽ ഏറെ ഉചിതം. അമേരിക്കയുടെ താരിഫ്ചുവടുമാറ്റങ്ങളുടെ ആദ്യ ആവേശവും അല്പം കെട്ടടങ്ങിയിട്ടുണ്ട്. അമേരിക്കൻ കോടതിയുടെ നിരീക്ഷണങ്ങളും വിധികളും ഡൊണാൾഡ് ട്രംപിന്റെ പ്രഖ്യാപനങ്ങളെ പ്രതിസന്ധിയിലാക്കുമ്പോൾ ചൈനയുമായുള്ള വ്യാപാരവിരോധത്തിൽ ഇന്ത്യയെ ചേർത്തുനിർത്തേണ്ടത് ഭാവിയിൽ അമേരിക്കയുടെയും ആവശ്യമാണ്. ഇന്ത്യയെ എക്കാലവും ശത്രുപക്ഷത്തു നിന്ന് എതിർക്കുന്ന ചൈനയുമായും നിരന്തര ഭീകരാക്രമണം അഴിച്ചുവിടുന്ന പാക്കിസ്ഥാനുമായും കൂട്ടുചേർന്ന് നേട്ടമുണ്ടാക്കാമെന്ന് നാമൊരിക്കലും കരുതരുത്. അതേസമയം അമേരിക്കയുടെ വ്യാപാരതീരുവയുദ്ധത്തിനും ലോകപൊലീസായി സകലരെയും അടക്കിവാഴാമെന്ന അധികാര അഹങ്കാരത്തിനും മറുപടിയുണ്ടാകുകയും വേണം.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം അമേരിക്കയുമായുള്ള വ്യാപാരബന്ധം നിലനിർത്തേണ്ടതും ശക്തിപ്പെടുത്തേണ്ടതും ഏറെ അനിവാര്യവുമാണ്. ലോക വിപണി നിയന്ത്രിക്കുന്ന വൻശക്തിയുമായി ഏറ്റുമുട്ടാൻമാത്രം വ്യാപാരരംഗത്തു നാം വളർന്നിട്ടില്ലെന്നുള്ള പരമാർത്ഥം അംഗീകരിക്കാൻ മടിക്കേണ്ടതില്ല. വ്യാപാരത്തിൽമാത്രമല്ല, ഇന്ത്യൻ മനുഷ്യവിഭവശേഷിയും അമേരിക്കയിലിന്ന് നിർണ്ണായകസ്വാധീനം ചെലുത്തുന്നു. കുടിയേറ്റനിയമങ്ങളിൽ കൂടുതൽ നിയന്ത്രണങ്ങൾ അമേരിക്ക പ്രഖ്യാപിച്ചാൽ ഇന്ത്യൻ പ്രവാസിസമൂഹത്തിന്റെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടും. അതിനാൽ ഏറെ സംയമനത്തോടെ തുടർചർച്ചകൾക്കു വാതിൽ തുറക്കാനുള്ള കേന്ദ്ര സർക്കാർ നീക്കങ്ങൾ പ്രതീക്ഷയേകും. വെട്ടിമുറിക്കാനെളുപ്പമാണ്. ചേർത്തുപിടിക്കേണ്ടത് നമ്മുടെ നിലനില്പിന് അനിവാര്യവും. ■




"ഇനിയെന്തു ചെയ്യും?" ഡോസി പതിയെ എഴുന്നേറ്റിരുന്നു. കൂരിരുട്ടായതുകൊണ്ട് ഒന്നും അവനു കാണാൻ കഴിഞ്ഞില്ല.

"ശെടാ, ഒന്നു ശ്രദ്ധിച്ചിരുന്നേൽ ഈ നേരം ഞാൻ ഗ്രാമത്തിൽ എത്തുകയും വന്ന കാര്യം സാധിച്ചു മടങ്ങുകയും ചെയ്തേനെ.'' ഡോസിക്കു കടുത്ത നിരാശ തോന്നി.




"എന്തായാലും ഈ രാത്രി ഇവിടെത്തന്നെ കിടക്കാം. അതിരാവിലെതന്നെ ഗ്രാമത്തിലേക്കു പോകാം.'' ഡോസി ഒരിടത്തായി ഒതുങ്ങിയിരുന്നു. അല്പസമയം അങ്ങനെയിരുന്നപ്പോൾ അവന് അമ്മയെയും അച്ഛനെയും ഓർമവന്നു.

പാവം അമ്മയും അച്ഛനും! എന്നെ കാണാതെ വിഷമിക്കുന്നുണ്ടാകും.

ഡോസി ആരോടും പറയാതെയാണ് പൊന്നിവനത്തിൽനിന്നു ഗ്രാമത്തിലേക്കു യാത്ര തിരിച്ചിരുന്നത്. പറഞ്ഞാൽ ആരും സമ്മതിക്കില്ലെന്നു കരുതി.

"ഞാൻ വൈകാതെ തിരികെവരും അമ്മേ. അന്ന് പൊന്നിവനവും വനത്തിലെ സകലരും എന്നെ പുകഴ്ത്തിപ്പാടും."

അവനതു മനസ്സിൽ പല തവണ പറഞ്ഞുകൊണ്ടിരുന്നു. അവന്റെ മനസ്സിൽനിറയെ വാശിയായിരുന്നു. ഇത്രകാലവും സഹിച്ചതുകൂടി ഓർത്തപ്പോൾ അവന്റെ വാശി ഇരട്ടിച്ചു.

ഭയന്നു ഞാൻ ജീവിക്കില്ല. ഞാൻ സ്വപ്നംകണ്ടത് നേടുക തന്നെ ചെയ്യും.

പെട്ടന്ന് എന്തോ അനങ്ങുന്നതുപോലെ ഒരു ചെറിയ ശബ്ദം അവൻ കേട്ടു. പതിയെ ഇരുട്ടത്ത് തപ്പിത്തടഞ്ഞു നോക്കി.

"ആരാ അത്? ആരാണെന്നു പറഞ്ഞോ?'' അവൻ ഉറക്കെ വിളിച്ചുചോദിച്ചു. എന്തൊക്കെയോ സംശയം ഡോസിയുടെ മനസ്സിൽ നിറഞ്ഞു. എന്നിട്ടും ധൈര്യമായിത്തന്നെ വീണ്ടും ചോദിച്ചു:

"ആരാണ്?'' പക്ഷേ, ഒരു മറുപടി ഉണ്ടായിരുന്നില്ല. അവൻ ഒരു കോണിൽ വീണ്ടുമിരുന്നു. നല്ല ഉറക്കം വരുന്നുണ്ട്. കുഴിയിൽ വീണതിന്റെ വേദനയുണ്ട്.

"ഈ കുഴിക്ക് എത്ര ആഴമുണ്ടാകും?" വെറുതെ ചിന്തിച്ചുനോക്കി.

പക്ഷേ, അവനൊരു കണക്ക് കൃത്യമായി സങ്കല്പിക്കാൻ കഴിഞ്ഞില്ല. ഒരുപാട് ഒന്നും ഉണ്ടാവില്ല. മനസ്സിലോർത്തു. കുറച്ചുകഴിഞ്ഞപ്പോൾ തന്റെ അടുത്തേക്ക് രണ്ടു ചെറിയ തിളക്കം വരുന്നത് അവൻ ശ്രദ്ധിച്ചു...

"എന്താ അത്?'' ഡോസി ചാടിയെഴുന്നേറ്റു. വളരെ വേഗം തന്നെ കുറേയധികം ചെറിയ വെളിച്ചം ഡോസിക്കഴുതയുടെ ചുറ്റും നിറഞ്ഞു.

''നിങ്ങളൊക്കെ ആരാ? എന്താണു വേണ്ടത്?"

ഒരു വലിയ അപകടം സംഭവിക്കാൻ പോകുന്നതുപോലെ ഒരു തോന്നൽ. വളരെ ശബ്ദം താഴ്ത്തിയും വളരെയുച്ചത്തിലും ഡോസി കാര്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. പക്ഷേ, മറുപടിയൊന്നും വന്നില്ല. പിന്നെ ഒന്നും നോക്കിയില്ല. ആദ്യം കണ്ട രണ്ടു തിളക്കത്തെ കഴുത കാലുകൊണ്ട് ദൂരേക്ക് ഒറ്റയേറ്.

'ഡിഷ്യും!' പക്ഷേ, പിന്നെയും അവർ കൂട്ടത്തോടെ ഡോസിയുടെ അടുത്തേക്കു കൂടി. ഡോസി കാതുകൾ മൂടി കണ്ണുകൾ അടച്ചു. ചെറിയ ശബ്ദം മാത്രമേ ഇപ്പോൾ കേൾക്കാൻ പറ്റൂ. കൈകൾ കൊണ്ട് കൂടുതൽ ശക്തമായി കാതുകൾ മൂടി. എന്നിട്ട് ഒറ്റയലർച്ച: 'ആആആ ആആ....'

ഡോസി കണ്ണുകൾ തുറന്നപ്പോൾ ചുറ്റും വെളിച്ചം പടർന്നിരുന്നു.

''ഓഹ്. രാവിലെ ആയല്ലോ." വളരെ ആശ്വാസത്തോടെ അവൻ എഴുന്നേറ്റു.

'ഞാൻ ഇന്നലെ കണ്ടതൊക്കെ വെറും സ്വപ്നം ആയിരുന്നോ?' അവന്റെ മനസ്സിൽ ചിന്ത നിറഞ്ഞു. അപ്പോഴാണ് പിന്നിൽനിന്നൊരു വിളി. ഡോസി ഒരു ഞെട്ടലോടെ തിരിഞ്ഞുനോക്കി. പിന്നിൽ അതാ നിൽക്കുന്നു ഒരു കൂട്ടം തേൾ.

''നിങ്ങൾ സ്വപ്നം കണ്ടതല്ല." കൂട്ടത്തിൽ മുതിർന്നതെന്നു തോന്നുന്ന ഒരു തേൾ പറഞ്ഞു. സംശയത്തോടെ ഡോസി നോക്കുമ്പോൾ തേളുകളുടെ പിറകിലായി പത്തോളം കുഞ്ഞിപ്പൂച്ചകളും അതിന്റെ അമ്മയും കിടക്കുന്നു. അമ്മപ്പൂച്ച, ഡോസിയുടെ അടുത്തേക്ക് പതിയെ വന്നിട്ട് പറഞ്ഞു:

"നിങ്ങൾ ഇന്നലെ കണ്ടത് ഞങ്ങളുടെ കണ്ണുകളാണ്."

''അതെയോ!'' ഡോസി അദ്ഭുതത്തോടെ എല്ലാവരെയും നോക്കി.

'എന്നിട്ട് എന്താണു നിങ്ങളൊന്നും മിണ്ടാതെയിരുന്നത്. ഞാൻ എത്ര തവണ ചോദിച്ചു."

"അത്... ഞങ്ങളുടെ ശബ്ദം കേട്ടു കഴിഞ്ഞ് നിങ്ങൾ ആക്രമിച്ചാലോ എന്നു പേടിച്ചിട്ടാണ്."

ഒരു കുഞ്ഞിപ്പൂച്ച പറഞ്ഞു.

''രാവിലെയായിട്ട് കാര്യങ്ങൾ വിശദമായി സംസാരിക്കാമെന്നു വിചാരിച്ചു."

അമ്മപ്പൂച്ച അത്രയും പറഞ്ഞതിന്റെ കൂടെ ഒരു കാര്യം കൂടി പറഞ്ഞു.

''നിങ്ങൾ ഇന്നലെ തട്ടി ദൂരേക്കെറിഞ്ഞത് എന്റെ കുഞ്ഞിനെയാണ്."

അതു പറഞ്ഞപ്പോൾ അമ്മപ്പൂച്ചയുടെ കണ്ണുകൾ രണ്ടും നിറഞ്ഞുതുളുമ്പിയിരുന്നു.

"അയ്യോ! എനിക്ക് ഒന്നും അറിയില്ലായിരുന്നു. നിങ്ങൾ ഒന്നും മിണ്ടിയതുമില്ല. എന്തോ അപകടമാണെന്നു കരുതി."

"സാരമില്ല. അറിയാതെയല്ലേ... ഞങ്ങളുടെ ഭാഗത്തും തെറ്റുണ്ട്."

ദേഹത്തേക്ക് ഒരു തേൾ ഇഴഞ്ഞുകയറുന്നത് തട്ടിക്കളയാൻ നേരം ഡോസിയെ പൂച്ച വിലക്കി.

"ഒന്നും ചെയ്യണ്ട. അതൊരു പാവമാണ്." തേൾ, കഴുതയുടെ മൂക്കിന്റെ തുമ്പത്തായി വന്നിരുന്നു.

''നിങ്ങൾ ശരിക്കും ഒരു ധൈര്യശാലിയാണല്ലേ?"

"ആരു പറഞ്ഞു?"

''ഇന്നലെ രാത്രിയിൽ ഞങ്ങൾക്ക് അതു ബോധ്യമായി."

'അതൊക്കെ എന്റെ അഭിനയമല്ലേ. ഞാൻ ശരിക്കും അത്ര വലിയ ധൈര്യശാലിയൊന്നുമല്ല."

"അതും മനസ്സിലായി."

"എങ്ങനെ?"

''ഇപ്പൊ നിങ്ങൾതന്നെയല്ലേ പറഞ്ഞത്."

പൂച്ച ഉറക്കെ ചിരിക്കാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു:

"നിങ്ങൾക്കു പേടിക്കാനുള്ള ഒരു കാര്യം ഞാൻ പറയട്ടെ?"

"എന്താ അത്?"

(തുടരും)

**കവിത** **സുലോചന രാജൻ**

# മണ്ണിലെ കാഴ്ചകൾ

പഞ്ഞിക്കെട്ടുകൾ പാറിനടക്കും
വിണ്ണിൽ നില്ക്കും താരകളേ
മണ്ണിൻ കാഴ്ചകൾ കണ്ടുമടുത്തോ
കണ്ണുകൾ ചിമ്മും കന്യകളേ?

കടലും കരയും പുണരണ കണ്ടോ
പുലരി തെളിച്ചൊരു പ്രഭ കണ്ടോ
ഹരിതകമുള്ളൊരു കരയിൽ വിരിയും
പലവർണ്ണത്തിൻ മലർ കണ്ടോ?

പാറിനടക്കും പറവകളൊക്കെ
പാതിവിരിഞ്ഞൊരു പൂച്ചെണ്ടിൽ
പമ്മി നടന്നിട്ടുമ്മ കൊടുക്കണ
കാഴ്ചകൾ കണ്ടോ കന്യകളേ?

കാടുകൾ കണ്ടോ തോടുകൾ കണ്ടോ
കാട്ടുമൃഗത്തിൻ ഗതികണ്ടോ
റോഡുകൾ കണ്ടോ വീടുകൾ കണ്ടോ
കാടുകൾ മാറിയ വഴി കണ്ടോ?

പട്ടിണി മാറ്റാൻ കഷ്ടപ്പെട്ടൊരു
വൃദ്ധജനത്തിൻ ഗതി കണ്ടോ
കഷ്ടതയൊട്ടും അറിയാതുള്ളൊരു
മക്കടെ ദുഷ്ടതയും കണ്ടോ?

ലഹരിക്കടിമകളെ കണ്ടോ
അക്രമിസംഘത്തെ കണ്ടോ
കലഹം മൂത്തവർ അമ്മയ്ക്കെതിരേ
പടവാളോങ്ങിയതും കണ്ടോ?

ദുരിതക്കെണിയിൽ വലയുന്നോരും
പ്രളയക്കെടുതിയിലായോരും
കണ്ണീർക്കടലിൽ മുങ്ങിത്താഴും
കാഴ്ചകൾ കണ്ടോ താരകളേ?

നന്മകളുള്ളൊരു ലോകം കാണാൻ
എന്നിനിയാകും താരകളേ
തിന്മകൾ കണ്ടുമടുത്തോ നിങ്ങൾ
കണ്ണുകൾ ചിമ്മിക്കരയുകയോ?

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ
**ഫാ. സിറിയക് തടത്തിൽ**

അസി. മാനേജർ
**ഫാ. മാത്യു തെന്നാട്ടിൽ**

ഹൃദയത്തിൽ വിവേകമുള്ളവൻ കല്പനകൾ ആദരിക്കും; വായാടിയായ ഭോഷൻ നാശമടയും.

സുഭാഷിതങ്ങൾ 10:8

**എഡിറ്റോറിയൽ**

# എസ്ഐആർ ഉയർത്തുന്ന ആശങ്കകൾ

മുന്നറിയിപ്പില്ലാതെ തുടങ്ങിയിരിക്കുന്നു കേരളത്തിലും സമഗ്രവോട്ടർപട്ടിക പരഷ്കരണം (സ്പെഷൽ ഇന്റൻസീവ് റിവിഷൻ - എസ്.ഐ.ആർ.). പ്രതിപക്ഷപ്രതിഷേധത്തിനും വിവാദത്തിനും ഇടയാക്കിയ ബീഹാറിലെ എസ്ഐആർ നടപടികളെക്കുറിച്ച് രാജ്യമാകെ ഉടലെടുത്ത ആശങ്ക നിലനില്ക്കേയാണു കമ്മിഷന്റെ കേരളത്തിലേക്കുള്ള നീക്കം. ഏതായാലും കേന്ദ്രതിരഞ്ഞെടുപ്പുകമ്മിഷന്റെ പെട്ടെന്നുള്ള ഈ തിരപ്പുറപ്പാട് രാഷ്ട്രീയകക്ഷികളിലും വോട്ടർമാരിലും ഒരുപോലെ ആശങ്ക പടർത്തിയിരിക്കുകയാണ്.

ബീഹാറിലെ വിവാദമായ എസ്ഐആർ നടപടികളെ സംബന്ധിച്ച് കോൺഗ്രസുൾപ്പെടെയുള്ള കക്ഷികൾ ഉന്നയിച്ച പ്രധാന ആരോപണം, വലിയൊരു വിഭാഗം വോട്ടർമാരെ പട്ടികയിൽനിന്നും പൗരത്വത്തിൽനിന്നും പുറത്താക്കാനുള്ള രാഷ്ട്രീയഗൂഢാലോചന അതിനു പിന്നിലുണ്ടെന്നതാണ്. തിരഞ്ഞെടുപ്പുകമ്മിഷൻ സുപ്രീംകോടതിയിൽ ബോധിപ്പിച്ചിരിക്കുന്നതാകട്ടെ, വോട്ടർപട്ടികയുടെ പവിത്രതയും സുതാര്യതയും ഉറപ്പുവരുത്തുകയാണ് എസ്ഐആറിന്റെ ലക്ഷ്യമെന്നും. പട്ടികപരിഷ്കരണത്തിന്റെ സമയക്രമത്തിൽ ഇടപെടാൻ ജുഡീഷ്യറിക്കുപോലും അധികാരമില്ലത്രേ.

തിരഞ്ഞെടുപ്പുകമ്മിഷന്റെ ഭരണഘടനാദത്തമായ അധികാരാവകാശങ്ങളെക്കുറിച്ച് ആർക്കും തർക്കമൊന്നുമില്ല. നീതിയുക്തവും നിരങ്കുശവുമായ തീരുമാനങ്ങളിലൂടെയും നടപടികളിലൂടെയും ഇന്ത്യൻജനാധിപത്യത്തിനു കരുത്തുപകർന്ന, ജാതിമതരാഷ്ട്രീയഭേദമെന്യേ രാജ്യത്തെ നിഷ്പക്ഷസമൂഹത്തിന്റെ ആദരമേറ്റുവാങ്ങിയ മുൻതിരഞ്ഞെടുപ്പുകമ്മിഷണർ ടി.എൻ. ശേഷനെ അഭിമാനപൂർവം ഇവിടെയോർക്കുന്നു. തീർച്ചയായും കാലാനുസൃതമായ ശുദ്ധീകരണം വോട്ടർപട്ടികയ്ക്കു കൂടിയേ തീരൂ. അനർഹരെ ഒഴിവാക്കി അർഹരായവർക്കു പങ്കാളിത്തം ഉറപ്പാക്കണം. പക്ഷേ, ഈ അർഹരെയും അനർഹരെയും നിശ്ചയിക്കുന്നിടത്ത് അധികാരകേന്ദ്രങ്ങളുടെ അനാവശ്യമായ കൈകടത്തലുകൾ ഉണ്ടാവില്ലെന്നുറപ്പുവരുത്തേണ്ട ഉത്തരവാദിത്വം തിരഞ്ഞെടുപ്പുകമ്മിഷനുണ്ട്.

സംസ്ഥാനത്ത് ഏറ്റവുമൊടുവിൽ ഇതേ പരിഷ്കരണം നടത്തിയ 2002 ലെ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടാണ് പുതിയ നടപടികൾ ആരംഭിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഏതാണ്ട് 25 വർഷം കഴിഞ്ഞ് തുടക്കമിട്ടിരിക്കുന്ന പരിഷ്കരണമെന്ന നിലയിൽ, ഏറെ സങ്കീർണതകൾ നിറഞ്ഞ ഈ പ്രക്രിയയുടെ ഗൗരവം വർധിക്കുന്നു. വോട്ടർമാർ ഇത് എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ട് എന്നതാണ് അതിനേക്കാൾ ഗൗരവമേറിയ കാര്യം. 2002നു ശേഷം 2025വരെയുള്ള കാലത്ത് മരണമടഞ്ഞവർ, പൗരത്വമില്ലാതായവർ, വിദേശത്തേക്കു കുടിയേറിയവർ, കേരളത്തിലേക്കു കുടിയേറിയ ഇതരസംസ്ഥാനത്തൊഴിലാളികൾ തുടങ്ങിയവരുടെ വിവരങ്ങൾ ലഭ്യമല്ലെന്നാണ് ചോദ്യങ്ങൾക്കു മറുപടിയായി കമ്മിഷന്റെ കേരളത്തിലെ പ്രതിനിധിയായ സിഇഒ ഡോ. രത്തൻ യു. കേൽക്കർ പറഞ്ഞത്. 2025 ഓഗസ്റ്റിലെ വോട്ടർപട്ടികയിലുള്ള 53.25 ലക്ഷംപേർ 2002 ലെ വോട്ടർപട്ടികയിൽ ഇല്ലെന്നു കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ മരിച്ചവരെയും വിദേശത്തേക്കു കുടിയേറിയവരെയും ഒഴിവാക്കിയാലും ശേഷിക്കുന്ന ലക്ഷക്കണക്കിനുപേർ പൗരത്വം തെളിയിക്കാനുള്ള 12 രേഖകളിലൊന്നു സമർപ്പിച്ച് എന്യൂമറേഷൻ നടത്തിയാലേ ഇനി വോട്ടർമാരായി തുടരാനാവൂ.

കേരളത്തിൽ പ്രാഥമികനടപടികൾ മാത്രമാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നതെന്നും കേന്ദ്രതിരഞ്ഞെടുപ്പുകമ്മിഷന്റെ ഷെഡ്യൂൾപ്രഖ്യാപനം വരുന്നതോടെ യഥാർഥനടപടികൾ ആരംഭിക്കുമെന്നുമാണ് സിഇഒ പ്രഖ്യാപിച്ചിരിക്കുന്നത്. റിപ്പോർട്ടുകൾപ്രകാരം ഒക്ടോബറിൽ ആരംഭിച്ച് ഡിസംബറിലോ ജനുവരിയിലോ പൂർത്തിയാകുംവിധം എസ്ഐആർ നടപടികൾക്കു കേന്ദ്രതിരഞ്ഞെടുപ്പുകമ്മിഷൻ ഒരുക്കങ്ങൾ നടത്തിവരുന്നതായാണു സൂചനകൾ. അങ്ങനെയെങ്കിൽ അതു സൃഷ്ടിക്കുന്ന പ്രതിസന്ധി മറ്റൊന്നാണ്. കേരളത്തിൽ നവംബർ-ഡിസംബർ മാസങ്ങളിൽ തദ്ദേശതിരഞ്ഞെടുപ്പു നടക്കാനിരിക്കുന്നു. തദ്ദേശതിരഞ്ഞെടുപ്പിൽ നിലവിലെ പട്ടികയാണ് അടിസ്ഥാനമാക്കുകയെങ്കിലും, അതിനിടയിലെ എസ്ഐആർ നടപടികൾ രാഷ്ട്രീയഭരണസംവിധാനങ്ങളെ കുഴമറിക്കുകയില്ലേയെന്നാണ് രാഷ്ട്രീയകക്ഷികൾ ഉയർത്തുന്ന ചോദ്യം. അല്ലെങ്കിൽത്തന്നെ ധൃതിപിടിച്ചുള്ള ഈ നടപടിക്ക് നമ്മുടെ വോട്ടർമാർ സജ്ജരാണോയെന്ന സംശയവും അവർ ഉന്നയിക്കുന്നു. നിരന്തരമായ പ്രേരണയും ബോധവത്കരണവും ആവശ്യമുള്ള ബൃഹദ്നടപടികളിലേക്കു മുന്നൊരുക്കമില്ലാതെ കമ്മിഷൻ കടന്നതാണ് ഏറെ സംശയങ്ങൾക്കും ആശങ്കകൾക്കും ഇടയാക്കിയിരിക്കുന്നത്.

കേരളത്തിലെ ഒരു ലക്ഷത്തോളം വരുന്ന പ്രവാസി വോട്ടർമാരുടെ കാര്യത്തിൽ ആശങ്കകൾ ഉയരുന്നുണ്ടെങ്കിലും അതിനടിസ്ഥാനമില്ലെന്നാണ് കമ്മിഷൻ ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നത്. അവർക്ക് എന്യൂമറേഷൻ ഫോമുകൾ ഓൺലൈനായി പൂരിപ്പിച്ചുനൽകാം. ഏതായാലും 2025 ലെ വോട്ടർപട്ടികയിൽ പേരുള്ളവരും ഇനിവരുന്ന നിയമസഭാതിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യണമെങ്കിൽ എന്യൂമറേഷൻ എന്ന കണക്കെടുപ്പിന് നേരിട്ടോ ഓൺലൈനായോ വിധേയരാവുകയും ആവശ്യമെങ്കിൽ രേഖകൾ സമർപ്പിക്കുകയും വേണമെന്ന യാഥാർഥ്യം വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. ഇക്കാര്യം കേരളത്തിലെ 2.78 കോടി വോട്ടർമാരെ ബോധ്യപ്പെടുത്താനുള്ള ബാധ്യത കേരളത്തിലെ സർക്കാരിനും രാഷ്ട്രീയകക്ഷികൾക്കുമുണ്ട്. രാഷ്ട്രീയകക്ഷികളെ വിശ്വാസത്തിലെടുത്തുകൊണ്ട് അവരുടെ അകമഴിഞ്ഞ പിന്തുണ ഉറപ്പുവരുത്താനുള്ള ആർജവം തിരഞ്ഞെടുപ്പുകമ്മീഷനുമുണ്ടാവണം. ആക്ഷേപങ്ങൾക്ക് അശേഷം ഇടനല്കാത്ത, സമഗ്രവും ശുദ്ധവും സുതാര്യവുമായ വോട്ടർപട്ടിക പ്രകാശിപ്പിക്കുക എന്നതാണ് പ്രധാനം.

■




## കത്തോലിക്കാ അധ്യാപകരോട് ചിറ്റമ്മനയം

ഭിന്നശേഷിനിയമനത്തിന്റെ പേരുപറഞ്ഞ് കത്തോലിക്കാവിദ്യാലയങ്ങളിലെ ആയിരക്കണക്കിന് അധ്യാപകരുടെ നിയമനത്തിന് സ്ഥിരാംഗീകാരം നല്കാത്ത സർക്കാരിന്റെ നിഷേധാത്മകനിലപാടിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ദീപനാളം സെപ്റ്റംബർ 18 ലക്കത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എഴുതിയ ലേഖനം (ക്രിസ്ത്യൻ അധ്യാപകരോട് എന്തിനീ ചിറ്റമ്മനയം?) കാലികപ്രസക്തമായിരുന്നുവെന്നു പറയട്ടെ.

സർക്കാരിന്റെ ഇരട്ടത്താപ്പുനയത്തെയാണ് ബിഷപ് വിമർശിക്കുന്നത്. ഭിന്നശേഷിനിയമനം പൂർത്തിയാക്കിയാൽ മാത്രമേ മറ്റു നിയമനങ്ങൾ അംഗീകരിക്കാനാവൂ എന്നു ക്രൈസ്തവസ്ഥാപനങ്ങളോടു ശഠിക്കുമ്പോൾ, ബഹു. സുപ്രീംകോടതി എൻഎസ്എസിനു നല്കിയ വിധിയിൽ ഭിന്നശേഷിക്കാർക്കു വേണ്ടി നീക്കിവച്ചിരിക്കുന്ന ഒഴിവുകൾ ഒഴികെയുള്ള തസ്തികകളിൽ നിയമനം നടത്താനും ഇതുവരെ താത്കാലികമായി നിയമനാംഗീകാരം ലഭിച്ച സേവനത്തിലുള്ള അധ്യാപകരുടെ നിയമനങ്ങൾ ക്രമപ്പെടുത്താനും അനുവദിക്കുന്നു. ഇതു ചൂണ്ടിക്കാട്ടി കത്തോലിക്കാമാനേജുമെന്റുകൾ സർക്കാരിനു മുമ്പിൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കണമെന്നു കേരള ഹൈക്കോടതി ഉത്തരവിട്ടിട്ടുപോലും സർക്കാരിനു കേട്ടഭാവമില്ല.

ആവശ്യത്തിനു ഭിന്നശേഷി അധ്യാപകർ ലഭ്യമല്ലാതിരിക്കെ, മറ്റധ്യാപകനിയമനങ്ങൾ അംഗീകരിക്കണമെങ്കിൽ ഭിന്നശേഷിക്കാരുടെ നിയമനങ്ങൾ പൂർത്തിയാക്കണമെന്നു ശഠിക്കുന്നതിലെ യുക്തിയാണ് ആർക്കും മനസ്സിലാകാത്തത്! അധികൃതരുടെ കണ്ണു തുറപ്പിക്കാനായില്ലെങ്കിലും കത്തോലിക്കാ അധ്യാപകർ നേരിടുന്ന അവഗണനയും ക്ലേശങ്ങളും എത്രത്തോളമെന്നു പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ പിതാവിന്റെ ലേഖനത്തിനു കഴിഞ്ഞിട്ടുണ്ട്.

**സെബാസ്റ്റ്യൻ ജോസഫ്**
**പാലാ**

## നഷ്ടപരിഹാരം തേടണം

അടുത്തകാലത്തു കേരളത്തിലെ പ്രധാന റോഡുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ട്രാഫിക് ബ്ലോക്കുമൂലം, വാഹനഉടമകൾ നേരിടുന്ന വിവിധതരം കഷ്ടനഷ്ടങ്ങൾ വർണനാതീതമാണ്.

കാലടിപ്പാലത്തിലും, ടോൾപ്ലാസകളിലും, കേരളത്തിലങ്ങോളമിങ്ങോളം തെരുവുജങ്ഷനുകളിലും, ലൈറ്റ് / ഹെവി വാഹനങ്ങൾക്കു ഗതാഗതതടസ്സങ്ങളുണ്ടാകുമ്പോൾ, പണം-സമയ-ഇന്ധനച്ചെലവ്/ നഷ്ടം എത്രയോ കോടികളാണ്!

നികുതി അടയ്ക്കുന്ന ടൂറിസ്റ്റ് വാഹനഓപ്പറേറ്റർമാർ നേരിടുന്ന നഷ്ടം കാണാൻ നാട്ടിൽ ആരുമില്ല. ഗതാഗതബ്ലോക്ക് ഒഴിവാക്കിക്കിട്ടുന്നില്ലെങ്കിൽ / ത്രൈമാസനികുതി കുറച്ചുകൊടുക്കുന്നില്ലെങ്കിൽ ടൂറിസ്റ്റ് വാഹനക്കാർ അവരുടെ തൊഴിലുപേക്ഷിക്കേണ്ടിവരും.

കേരളത്തിലെ വാഹന ഉടമകൾ ഉടൻ സംഘടിക്കണം, പ്രശ്നപരിഹാരത്തിനു ശ്രമിക്കണം.

അധികാരികളും പൊതുപ്രവർത്തകരും രാഷ്ട്രീയക്കാരും കണ്ണു തുറക്കണം. നാട് നാനാതരത്തിൽ തകരാതിരിക്കണമെങ്കിൽ, എല്ലാവരും ഒത്തൊരുമിച്ചു ശ്രമിച്ചേ തീരൂ, ട്രാഫിക് ബ്ലോക്കിന് ശാശ്വതപരിഹാരം കാണണം. ഹൈക്കോടതിയിൽ ഒരു കേസിന്റെ കാര്യവും ചിന്തിക്കാവുന്നതാണ്.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

## പിൻബെഞ്ച് മോശം ബെഞ്ചല്ല

വിദ്യാഭ്യാസരംഗത്തു കാലാകാലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന ഭരണപരിഷ്കാരങ്ങളെക്കുറിച്ച് അതതുകാലങ്ങളിൽ നീണ്ട ചർച്ചകളും സംവാദങ്ങളും നടക്കാറുണ്ട്. അതിൽനിന്ന് എന്തെങ്കിലും പ്രയോജനം ലഭിച്ചോ എന്നുള്ളത് അന്വേഷിച്ചു കണ്ടുപിടിക്കേണ്ട കാര്യമാണ്. പല പരിഷ്കാരങ്ങളും ആലോചനയില്ലാത്തതും അർഥശൂന്യവുമായിരുന്നുവെന്നു പിന്നീട് തെളിഞ്ഞിട്ടുണ്ട്. ഇതിന്റെയൊക്കെ വെളിച്ചത്തിലാവണം 'പിൻബെഞ്ച് ഒരു മോശം ബെഞ്ചല്ല' എന്ന ലേഖനം ടോം ജോസ് തഴുവംകുന്ന് തയ്യാറാക്കിയത്.

അദ്ദേഹം പറയുന്നത്, ക്ലാസ്റൂം സ്മാർട്ടാണോ അല്ലയോ എന്നതല്ല, കുട്ടികളെ പരീക്ഷയിലും പരീക്ഷണങ്ങളിലും തളരാതെ ജീവിതത്തിൽ പൊരുതിനില്ക്കാൻ പ്രാപ്തരാക്കുന്നതാണോ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം എന്നു ചിന്തിക്കണമെന്നാണ്. എത്രയോ ശരി! പിൻബെഞ്ചിലിരുന്നാലും മുൻബെഞ്ചിലിരുന്നാലും, വിദ്യാർഥികൾക്കു കൊടുക്കുന്ന വിദ്യാദാനത്തിന്റെ ചോറുരുളയിൽ എന്തടങ്ങിയിരിക്കുന്നുവെന്നാണ് നാം നോക്കേണ്ടത്. ചിന്തോദ്ദീപകമായ ലേഖനത്തിനു നന്ദി. ലേഖകനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**ആൻമരിയ ജോസ്**
**കാഞ്ഞിരപ്പള്ളി**

## ഉദ്വേഗജനകമായ നോവൽ

ജോർജ് പുളിങ്കാടിന്റെ നോവൽ 'മിഴിയിതൾപ്പൂക്കൾ' സശ്രദ്ധം വായിക്കുന്നു. ഓരോ അധ്യായവും ഉദ്വേഗം നിലനിറുത്തിക്കൊണ്ടുപോകുന്നതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു. കാലികപ്രസക്തമായ വിഷയമാണ് പ്രമേയമായി സ്വീകരിച്ചിരിക്കുന്നത് എന്നതുകൊണ്ടുതന്നെ വായനക്കാർക്കിടയിൽ നോവലിന് സ്വീകാര്യതയേറും എന്നു തീർച്ച! നോവലിസ്റ്റിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ

**സിസിലി സെബാസ്റ്റ്യൻ**
**ചങ്ങനാശേരി**

ഇസ്രയേൽ ഒരു ചരിത്രവിസ്മയം

9



ഡോ. കുര്യാസ് കുമ്പളക്കുഴി

# ചില പുതിയ നീക്കങ്ങൾ

**2025** ഫെബ്രുവരി അഞ്ചിന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഒരു പ്രസ്താവന ലോകത്തെ ആശങ്കപ്പെടുത്തുകയുണ്ടായി. വൈറ്റ് ഹൗസിൽ ഇസ്രയേൽപ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹുവുമായി നടന്ന ചർച്ചകൾക്കുശേഷം വാർത്താസമ്മേളനത്തിൽ നെതന്യാഹൂവിന്റെ സാന്നിധ്യത്തിൽ തന്നെ സംസാരിക്കുമ്പോളാണ് ആ പ്രസ്താവനയുണ്ടായത്. അമേരിക്ക ഗാസാമുനമ്പ് ഏറ്റെടുത്ത് ടൂറിസ്റ്റുകേന്ദ്രമാക്കുമെന്ന്. പലസ്തീൻജനതയെ ഈജിപ്ത്, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിലേക്കു മാറ്റിപ്പാർപ്പിക്കാനുള്ള സാധ്യത തേടുമെന്നും അദ്ദേഹം പറഞ്ഞു. ആവശ്യമെങ്കിൽ, യു.എസ് സൈന്യത്തെ അങ്ങോട്ടേക്കയയ്ക്കാനും മടിയില്ല.

ട്രംപിന്റെ വാക്കുകൾ വെറും തമാശയായി കരുതാനാവില്ല. എങ്കിലും മറ്റൊരു രാഷ്ട്രത്തിന്റെ ഒരു ഭാഗം പിടിച്ചെടുത്തു ടൂറിസ്റ്റുകേന്ദ്രമാക്കുമെന്ന പ്രസ്താവന ഒരു വിധത്തിലും ജനാധിപത്യമര്യാദകൾക്കു നിരക്കുന്നതല്ല. വൻശക്തികളുടെ നടപടികളെല്ലാം ജനാധിപത്യപരമായിരിക്കണമെന്നു തീരുമാനിക്കാനാവില്ലല്ലോ. 'കൈയൂക്കുള്ളവൻ കാര്യക്കാരൻ' എന്ന പ്രാകൃതനിയമത്തിനു ജനാധിപത്യത്തിന്റെ വെള്ളപൂശിയിട്ടുണ്ടെന്നല്ലേയുള്ളൂ ഇന്നും.

ട്രംപിന്റെ പ്രസ്താവന ഇസ്രയേൽക്കാർക്കു സന്തോഷമായിരിക്കാൻ ഇടയുണ്ട്. ഒപ്പമുണ്ടായിരുന്നിട്ടും നെതന്യാഹു മൗനം പാലിച്ചതിന്റെ സൂചനയും അതുതന്നെയല്ലേ? അങ്ങനെയെങ്കിലും ഗാസയെന്ന തലവേദന ഒഴിവായിക്കിട്ടുമല്ലോ എന്നാവും ഇസ്രയേൽ ആശ്വസിക്കുക.

ജനുവരി 15 ലെ ഒത്തുതീർപ്പിനുശേഷവും ഇസ്രയേൽ ഗാസയിൽ നടത്തുന്ന സായുധനടപടികൾ ഇതുമായി ചേർത്തു വായിക്കേണ്ടതുണ്ടെന്നു തോന്നുന്നു.

ഗാസയും വെസ്റ്റുബാങ്കും ഇസ്രയേലിനവകാശപ്പെട്ടതാണെന്ന് അവർ കരുതുന്നുണ്ട്. ഒരു പക്ഷേ, സായുധാക്രമണത്തിലൂടെ ആ ഭൂഭാഗങ്ങളെ ഇസ്രയേലിനോടു കൂട്ടിച്ചേർക്കാൻ അവർക്കു കഴിഞ്ഞെന്നും വരാം. എന്നാൽ, അതിൽനിന്നൊക്കെ അവരെ പിന്തിരിപ്പിക്കുന്നത് ആ പ്രദേശങ്ങളിലെ മുസ്ലീം ഭൂരിപക്ഷമാണ്.

വെസ്റ്റ് ബാങ്കിലെ 2747943 ജനങ്ങളിൽ 85 ശതമാനം സുന്നി മുസ്ലീങ്ങളാണ്. 451700 യഹൂദരും 50000 ക്രൈസ്തവരും ഉണ്ട്.

ഗാസയിലെ ജനസംഖ്യ 21 ലക്ഷം. ഇതിൽ 99 ശതമാനവും മുസ്ലീങ്ങളാണ്. ക്രൈസ്തവരുടെ ആകെ സംഖ്യ 1300 മാത്രം.

ഇസ്രയേലിലെ ആകെ ജനസംഖ്യ 9517181 ആണ്. ഇതിൽ 1782000 പേർ മുസ്ലീങ്ങളും 185000 പേർ ക്രൈസ്തവരുമാണ്. വെസ്റ്റ് ബാങ്കിലെ 23.5 ലക്ഷം മുസ്ലീങ്ങളും ഗാസയിലെ 20 ലക്ഷം മുസ്ലീങ്ങളുംകൂടി ചേർന്നാൽ ഇസ്രയേലിലെ മുസ്ലീം ജനസംഖ്യ 6132000 ആകും. അപ്പോൾ ഇസ്രയേലിലെ ആകെ ജനസംഖ്യ ഒരു കോടി 56 ലക്ഷം കവിയും. അതിൽ 39 ശതമാനം വരും മുസ്ലീങ്ങൾ. അതോടെ ഇസ്രയേലിന്റെ ജനസംഖ്യാസന്തുലനം തകിടംമറിയും. ആഭ്യന്തരക്കുഴപ്പങ്ങൾ ഇസ്രയേലിനെ വലയ്ക്കും. ആഭ്യന്തരപ്രശ്നങ്ങളിൽ വലയുന്ന ഒരു രാജ്യത്തെ ബാഹ്യശക്തികൾക്ക് ആക്രമിച്ചു തകർക്കുക എളുപ്പമാകും. ഇങ്ങനെയൊരു വിപത്തു സംഭവിക്കാതിരിക്കാൻ ഇസ്രയേൽ കരുതലെടുക്കുന്നതുകൊണ്ടാണ് ഗാസയും വെസ്റ്റ്ബാങ്കും ഇപ്പോഴും പലസ്തീനിന്റെ ഭാഗമായി തുടരുന്നത്.











ഈ രണ്ടു പ്രദേശങ്ങളിൽനിന്നു പരമാവധി പലസ്തീനികളെ അന്യരാജ്യങ്ങളിലേക്കു ഭീഷണിപ്പെടുത്തി അയയ്ക്കാനാണ് ഇസ്രയേൽ ശ്രമിക്കുന്നത്. ഭക്ഷണം നിഷേധിച്ചും, ആക്രമണങ്ങൾ അഴിച്ചുവിട്ടും ഗാസയെ കഷ്ടത്തിലാക്കുന്ന ഇസ്രയേൽ തന്ത്രം മറ്റൊന്നാകാൻ ഇടയില്ല. അതിനിപ്പോൾ ട്രംപിന്റെ സഹായംകൂടി ഉറപ്പാക്കുകയാണു നെതന്യാഹു ചെയ്യുന്നത് എന്നു കരുതേണ്ടിയിരിക്കുന്നു. ഈ വർഷം ഫെബ്രുവരി എട്ടിന്, സൗദി അറേബ്യയിൽ പലസ്തീൻരാഷ്ടം ഉണ്ടാക്കിക്കൊള്ളട്ടെ എന്നദ്ദേഹം പലസ്തീൻവാദികളെ പരിഹസിച്ചതും ഓർക്കുക.

ഇത്തരത്തിൽ അന്യരാജ്യങ്ങളുടെ ഭൂഭാഗങ്ങൾ ആക്രമിച്ചു സ്വന്തമാക്കുന്നത് അന്താരാഷ്ട്രധാരണകൾക്കു വിരുദ്ധമല്ലേ, മറ്റു രാഷ്ട്രങ്ങൾ അതു സമ്മതിച്ചു കൊടുക്കുമോ എന്നൊക്കെ ചോദിച്ചാൽ ആണെന്നോ അല്ലെന്നോ മറുപടി പറയുക എളുപ്പമല്ല. ഇന്ത്യയുടെ ഭാഗമായ അക്സായിചിൻ 1962 ൽ ചൈന പിടിച്ചെടുത്തതും ഇപ്പോഴും കൈവശം വച്ചിരിക്കുന്നതും ആരെങ്കിലും അനുവദിച്ചിട്ടാണോ? കേരളത്തിന്റെയത്രയും വിസ്തൃതിയുള്ള പ്രദേശമാണ് അക്സായിചിൻ. 250 ലക്ഷം ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള തിബത്ത് ചൈന പിടിച്ചടക്കിയത് 1950 ലാണ്. അതിന്നും ചൈനയുടെ ഭാഗമായി തുടരുന്നു. ഐക്യരാഷ്ട്രസംഘടനയ്ക്കോ മറ്റു രാഷ്ട്രങ്ങൾക്കോ തിബത്തിന്റെ സഹായത്തിനെത്താൻ കഴിഞ്ഞിട്ടില്ല.

ഇതിൽനിന്നു കുറച്ചു വ്യത്യസ്തമാണ് കുവൈത്തിന്റെ കാര്യം. ഒരു സ്വതന്ത്രരാഷ്ട്രമായ കുവൈത്തിനെ 1990 ൽ ഇറാക്ക് പ്രസിഡന്റ് സദ്ദാംഹുസൈൻ ആക്രമിച്ചു കീഴടക്കി ഇറാക്കിന്റെ ഭാഗമാക്കി മാറ്റി. അന്ന് ഇറാക്കിന്റെ നടപടിയെ അനുകൂലിച്ചതും പലസ്തീൻമാത്രമാണ്. അതും സ്വാതന്ത്ര്യത്തിനുവേണ്ടി ദീർഘകാലം ഗറില്ലാസമരം നടത്തിയ യാസർ അരാഫത്ത്! വാസ്തവത്തിൽ, പാരതന്ത്ര്യത്തിന്റെ വേദനയറിയുന്ന അരാഫത്തല്ലേ ആദ്യംതന്നെ സദ്ദാംഹുസൈന്റെ അതിക്രമത്തെ അപലപിക്കേണ്ടിയിരുന്നത്? പക്ഷേ, അതുണ്ടായില്ല. പിന്നെയും അവരൊക്കെ സാമ്രാജ്യത്വശക്തിയെന്ന് ആക്ഷേപിക്കുന്ന അമേരിക്ക തന്നെ വേണ്ടിവന്നു കുവൈത്തിന്റെ സ്വാതന്ത്ര്യം വീണ്ടെടുത്തുകൊടുക്കാൻ. 1991 ൽ സൈനികനടപടിയിലൂടെ അമേരിക്ക കുവൈത്തിനെ ഇറാക്കിന്റെ പിടിയിൽനിന്നു മോചിപ്പിക്കുകയാണല്ലോ ചെയ്തത്.

> രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തിലെ വെടിനിർത്തൽപോലെയല്ല ജനുവരി 15 ലെ വെടിനിർത്തൽ. അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് ഇസ്രയേലിനു നല്ല ബോധ്യമുണ്ട്. ഗാസയിലെ ഹമാസ് തീവ്രവാദികൾ വീണ്ടും ശക്തിപ്രാപിക്കും. വർഷങ്ങൾ കഴിയുമ്പോൾ വീണ്ടുമൊരു ഒക്ടോബർ ഏഴ് ആവർത്തിച്ചു കൂടായ്കയില്ല. അതുകൊണ്ടു ഗാസയിൽനിന്നു ലാഘവത്തോടെ ഒഴിഞ്ഞുപോകാൻ ഇസ്രയേലിനാവില്ല.

ഒരർഥത്തിൽ പറഞ്ഞാൽ, ഇന്നും കൈയൂക്കുള്ളവൻ തന്നെ കാര്യക്കാരൻ!

അതുകൊണ്ട് ഇസ്രയേൽ സൈനികനീക്കങ്ങളിലൂടെ ഗാസയും വെസ്റ്റുബാങ്കും കീഴടക്കിയെടുത്താലും പ്രതികരണം വ്യത്യസ്തമാകാനിടയില്ല. കുറെ പ്രസ്താവനകൾ ഉണ്ടായേക്കാം, ഇസ്രയേൽനടപടിയെ അപലപിച്ചുകൊണ്ട്. പിന്നെ ചില തീവ്രവാദി ആക്രമണങ്ങളും ഉണ്ടാകാം. അത്രമാത്രം.

പക്ഷേ, ഇപ്പോൾ സംഭവിക്കാവുന്നത് ഇതൊന്നുമാകണമെന്നില്ല. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തിലെ വെടിനിർത്തൽ പോലെയല്ല ജനുവരി 15 ലെ വെടിനിർത്തൽ. അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് ഇസ്രയേലിനു നല്ല ബോധ്യമുണ്ട്. ഗാസയിലെ ഹമാസ് തീവ്രവാദികൾ വീണ്ടും ശക്തിപ്രാപിക്കും. വർഷങ്ങൾ കഴിയുമ്പോൾ വീണ്ടുമൊരു ഒക്ടോബർ ഏഴ് ആവർത്തിച്ചു കൂടായ്കയില്ല. അതുകൊണ്ടു ഗാസയിൽനിന്നു ലാഘവത്തോടെ ഒഴിഞ്ഞുപോകാൻ ഇസ്രയേലിനാവില്ല. തീവ്രവാദികളും അവരുടെ താവളങ്ങളും അവിടെ അവശേഷിക്കുന്നില്ല എന്നവർക്ക് ഉറപ്പാക്കേണ്ടതുണ്ട്. തുടരാക്രമണങ്ങളിലൂടെയേ അതു സാധ്യമാകൂ. ഗാസാനിവാസികൾക്കെതിരെയുള്ള നടപടിയല്ലത്. 'ഒരുത്തൻ പാപകർമം ചെയ്തീടിലതിൻ ഫലം പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെ തട്ടും' എന്നാണല്ലോ നീതിവാക്യം. ഈ സാഹചര്യത്തിൽ ഗാസയിലെ ജനങ്ങളും ഹമാസിന്റെ പാപഫലം അനുഭവിക്കേണ്ടി വരും.

സത്യത്തിൽ ഗാസാനിവാസികൾ നിസ്സഹായരാണ്. ചെകുത്താനും കടലിനുമിടയിലാണവർ. ഹമാസിന് ഇടംകൊടുത്തില്ലെങ്കിൽ തീവ്രവാദി ആക്രമണങ്ങൾക്കവർ ഇരയാകും. ഹമാസ് അവിടെയുള്ളിടത്തോളം കാലം ഇസ്രയേലിന്റെ തോക്കുകൾ തീതുപ്പിക്കൊണ്ടേയിരിക്കും.

ഗാസയുദ്ധത്തോടു പ്രതികരിക്കുന്നവർ ഈ വസ്തുതകൾ യഥാവിധി മനസ്സിലാക്കിയിട്ടാണോ എന്നു സംശയമുണ്ട്. ഈ കേരളത്തിൽപോലും ഇടതുപക്ഷവികാരം ഉള്ളടക്കിട്ടുള്ളവർ അന്ധമായ ഇസ്രയേൽവിരോധം വച്ചു പുലർത്തുന്നവരാണ്. ഇസ്രയേലിനെ ആക്ഷേപിച്ചില്ലെങ്കിൽ തങ്ങൾ ബുദ്ധിജീവികളല്ലാതായിപ്പോകുമെന്ന് അവർ ഭയപ്പെടുന്നു. സത്യം തിരിച്ചറിയാനുള്ള വിവേകം അവർക്കു കൈമോശം വന്നിരിക്കുന്നതിന്റെ പശ്ചാത്തലമിതാണ്. ഇടതുപക്ഷമാധ്യമങ്ങളും ഇടതുപക്ഷരാഷ്ട്രങ്ങളും നിരന്തരം ഇസ്രയേൽവിരോധം ചൊരിയുന്നതും ഇക്കാരണംകൊണ്ടുതന്നെ.

■

# ആർത്തബാൻ



ജിജോ ജോസഫ് എൻ.

അന്ന് പതിവിനു വിപരീതമായി ചെങ്ങാലിപ്പക്ഷി വളരെ താമസിച്ചാണുണർന്നത്. തലേദിവസത്തെ ഹൃദയഭേദകമായ സംഭവങ്ങൾ, അപ്പോഴും അവനെ വേട്ടയാടുന്നുണ്ടായിരുന്നു. തന്റെ സ്നേഹിതൻ... തന്റെ ഗുരു... പിടിക്കപ്പെട്ടിരിക്കുന്നു.

*　*　*　*

അപ്പോഴാണ് ചെങ്ങാലിപ്പക്ഷി അയാളെ ശ്രദ്ധിച്ചത്. അയാൾ ആരാണ്? അയാളുടെ മാറാപ്പു ശൂന്യമാണല്ലോ. എച്ചിൽ കഷണങ്ങൾക്കിടയിൽ വിശപ്പകറ്റാൻ തിരയുന്ന അയാളുടെ കണ്ണുകളിൽ, ജീവിതം യാഗമാക്കുവാൻ ദൃഢനിശ്ചയം ചെയ്തവന്റെ ശാന്തത.

കോട്ടയ്ക്കകത്ത് അട്ടഹാസങ്ങളും ചാട്ടവാറടിയുടെ ഉച്ചത്തിലുള്ള ശബ്ദങ്ങളും. എന്തോ ദുരന്തം സംഭവിക്കാനിരിക്കുന്നു. പ്രകൃതി മ്ലാനവദനയായിരിക്കുന്നു.

കൽക്കെട്ടുകൾക്കിടയിലെ നേർത്ത സുഷിരത്തിലൂടെ അയാൾ കോട്ടയ്ക്കുള്ളിലേക്ക് ആകാംക്ഷയോടെ നോക്കുന്നുണ്ട്. പക്ഷേ, എന്തോ ഒന്ന് അയാളുടെ കണ്ണുകളിലും ചലനങ്ങളിലും തെളിഞ്ഞുനിന്നു. മണലാരണ്യത്തിലെ പൊടിക്കാറ്റ് അയാളെ ചെങ്ങാലിയുടെ സൂക്ഷ്മനേത്രങ്ങളിൽനിന്നു മറച്ചു.

*　*　*　*

അന്നു വന്നതാണിവിടെ, ജറുസലേം ദേവാലയത്തിൽ. യേശുവിന്റെ അമ്മ മറിയം അവനൊപ്പം കൊണ്ടുവന്നതാണ്, തന്നെയും. ദൈവത്തിനായി ദൈവത്തിനൊപ്പം കാഴ്ചയർപ്പിക്കാൻ. ജോസഫിന്റെ പാതി തുറന്ന ഭാണ്ഡക്കെട്ടിനിടയിലൂടെ ജറുസലേംദേവാലയത്തെ അദ്ഭുതത്തോടെ നോക്കിക്കണ്ടത് അവന്റെ മനോമുകുരത്തിൽ തെളിഞ്ഞു. അന്നുതൊട്ട് അവനെ പിരിയുവാൻ കഴിഞ്ഞില്ല. തീക്ഷ്ണമായിരുന്നു അവന്റെ വ്യക്തിത്വം. മുല്ലപ്പൂവിന്റെ നിർമലതയും പരിമളവും സൗന്ദര്യവും ഒത്തിണങ്ങിയ തീക്ഷ്ണരൂപം. അവനൊരു വസന്തമായിരുന്നു. ജരാനര ബാധിച്ച ഒലിവുമരംപോലും പൂത്തുലയുമായിരുന്നു അവന്റെ സാമീപ്യത്തിൽ. ചുങ്കക്കാരുടെയും വേശ്യകളുടെയുമൊപ്പം ഭക്ഷണം കഴിച്ചവൻ. വിഷമകറ്റുന്ന വിഷക്കല്ലുപോലായിരുന്നു അവൻ. എല്ലാം അപരനുവേണ്ടി സഹിച്ച് കുരിശേറ്റവൻ. എല്ലാറ്റിനെയും സ്നേഹത്താൽ ജ്വലിപ്പിച്ച് സ്വയം എരിഞ്ഞടങ്ങിയവൻ. കോട്ടയ്ക്കകത്ത് അവനുണ്ട്. വയ്യ... അവനെ വിട്ടുപോകാൻ.

കൊടിയ വഞ്ചനയുടെ എഴുതിത്തയ്യാറാക്കപ്പെട്ട തിരക്കഥപ്രകാരം അവൻ കൊല ചെയ്യപ്പെടുകയാണ്. അവനിൽനിന്ന് അനുഗ്രഹം പ്രാപിച്ചവർ എവിടെ? ചെങ്ങാലിയുടെ കണ്ണുകൾ അവിടെയെല്ലാം പരതി. തളർവാതരോഗിയും അന്ധനും? ഓശാനഞായറിൽ അവനെ വാഴ്ത്തിയവർ എവിടെ?

അന്നായിരുന്നു അവനെ തിരിച്ചറിഞ്ഞത്, കൂട്ടുകാരനു ജീവശ്വാസം പകുത്തുനല്കി ജീവിതത്തിലേക്കു കൂട്ടിയ വേളയിൽ. ലാസറിന്റെ ഗുഹയ്ക്കു മുകളിലെ തള്ളിമാറ്റപ്പെട്ട കരിങ്കൽ കഷണങ്ങൾക്കുമേൽ, അന്ന് ആശ്ചര്യംപൂണ്ടിരിക്കുകയായിരുന്നു. അവൻ വാത്സല്യത്തോടെ തന്നെ എടുത്തു നെഞ്ചോടു ചേർത്തു. അവന്റെ മടിയിൽ, കുഞ്ഞ് അമ്മയുടെ മടിയിലെന്നപോലെ താനും ചേർന്നിരുന്നു, അവന്റെ ചൂടുപറ്റി.

*　*　*　*

മണലാരണ്യത്തിൽ കൊടുംചൂട് തിളച്ചുപൊങ്ങുകയാണ്. ആർത്തട്ടഹസിക്കുന്നു, ജനക്കൂട്ടം. അവന്റെ കണ്ണുകളിൽ എന്തോ പൂർത്തീകരിക്കാനുള്ള വ്യഗ്രത. ചെങ്കുത്തായ, ഉരുളൻ കല്ലുകൾ നിറഞ്ഞ വഴിയിൽ... അവനെ താങ്ങുവാൻ ആരുമില്ല.

*　*　*　*

ചെങ്ങാലിപ്പക്ഷി വീണ്ടും അയാളെ ഓർത്തു. ഇടുങ്ങിയ തെരുവിൽ, കീറിപ്പറഞ്ഞ ഭാണ്ഡക്കെട്ടുമായി... പന്നികൾ പുളയ്ക്കുന്ന അഴുക്കുചാലിൽ അയാൾ എന്തെടുക്കുകയായിരുന്നു? ഇന്നലെകളിൽ കൊച്ചുകുട്ടികൾക്കൊപ്പം, അവരോട് എന്തു പറയുകയായിരുന്നു? പക്ഷേ, അന്നും അയാളുടെ കണ്ണുകൾ ആവേശം നിമിത്തം വിടർന്നിരുന്നു. വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത ആ കുരുന്നുകളെ അവൻ പഠിപ്പിച്ചിരിക്കണം. പുൽക്കൂട്ടിൽ ജനിച്ചവനെക്കുറിച്ചു പറഞ്ഞിരിക്കണം. എന്തായിരിക്കും അയാളുടെ പേര്? ടാർപോളിൻ ഷീറ്റ് വലിച്ചുകെട്ടിയ ആ കൊച്ചുകുടിലുകളിലൊന്നിലെ പഴയ പ്ലാസ്റ്റിക് വള്ളിയിൽ ഞാണിരുന്ന് അന്നും ചെങ്ങാലി ചിന്തിച്ചിരുന്നു.

ഒരുപക്ഷേ, തമോമയമായ ഈ ലോകത്ത് പ്രതീക്ഷയുടെ തിരിവെട്ടം ദർശിച്ച ആൾ. എല്ലാം ഉപേക്ഷിച്ച് ഏറ്റവും വിലപ്പിടിപ്പുള്ള രത്നം തേടി യാത്രയിലായിരിക്കാം അയാൾ. കാലങ്ങൾക്കും ദേശങ്ങൾക്കും അതീതമായ ശാശ്വതപ്രകാശത്തെ ദർശിക്കുവാൻ അയാൾ വെമ്പൽ കൊള്ളുകയായിരുന്നിരിക്കണം. ശ്ശോ... എന്തൊക്കെയാണ് ഞാൻ ചിന്തിക്കുന്നത്? അയാളെ കണ്ടപ്പോൾ മുതൽ എന്തോ ഒന്ന് തന്നെ വിടാതെ പിന്തുടരുന്നതായി ചെങ്ങാലി മനസ്സിലാക്കി.

“യദീനേ...” അയാൾ ടാർപോളിൻ ഷീറ്റിനടിയിലൂടെ നൂണ് മെല്ലെ വിളിക്കയാണ്. എന്തിനാണ് അയാൾ... ആ വിജാതീയവിധവയായ അടിമസ്ത്രീയുടെ വീടിനു മുമ്പിൽ...?

‘‘യദീനേ ഇതാ നിനക്കും കുട്ടികൾക്കുമായ്.”

“നിന്റെ റസൂൽ, എല്ലാം പറഞ്ഞിരുന്നു.” യജമാനന്റെ ചാട്ടവാറടിയേറ്റ് ദേഹമാസകലം വടുക്കൾ നിറഞ്ഞ ആ അടിമസ്ത്രീ അദ്ഭുതത്താൽ വിടർന്ന കണ്ണുകളുമായി പുറത്തേക്കു മുഖം നീട്ടി. അവരുടെ മുതുകിൽ ചങ്ങലയ്ക്കിട്ട തഴമ്പ് കറുത്ത് കരിമ്പടംപോലെ... യദീനയുടെ നന്ദിയിൽ പൊതിഞ്ഞ ചിരി. അയാൾ ഉറക്കെ പറയുന്നുണ്ട്: “എടുത്തുകൊള്ളൂ... എടുത്തുകൊള്ളൂ... അവസാനത്തെ രത്നമാണിത്. പുൽക്കൂടിന്റെ... പാവപ്പെട്ടവന്റെ... ഹൃദയപരമാർഥതയുള്ളവന്റെ... രാജാവിനെ കാണാൻ ഇറങ്ങിയതാ.” അയാൾ തന്റെ കഥ പറയുകയാണ്. ചെങ്ങാലി കാതോർത്തു: ‘മുപ്പത്തിമൂന്നു വർഷങ്ങൾക്കുമുമ്പ് കൊട്ടാരത്തിലെ പൂന്തോട്ടത്തിൽ ഓക്കുമരത്തിന്റെ ചുവട്ടിൽ മയങ്ങി അർദ്ധരാത്രിയിൽ കണ്ണു തുറന്നപ്പോൾ കണ്ടതാണ്, ആ നക്ഷത്രം. പണ്ട് പർണശാലയിൽ... ഗുരു പറഞ്ഞിരുന്നു, നക്ഷത്രങ്ങൾക്കും ആകാശഗോളങ്ങൾക്കുമപ്പുറം ഒരു ഈശ്വരൻ ഉണ്ടെന്നും മനുഷ്യരക്ഷയ്ക്കായി അവൻ വരുമെന്നും അവനെ എതിരേല്ക്കാൻ ആകാശഗോളങ്ങൾക്കിടയിൽ സൂര്യസമാനമായ ഒരു നക്ഷത്രം വിരിയുമെന്നുമൊക്കെ. അന്നു കൊതിച്ചതാണ്. തലയ്ക്കുപിടിച്ച മാരകലഹരിയായിരുന്നു അവൻ. ഗുരു പറഞ്ഞിരുന്നു, അവനാണ് പരബ്രഹ്മം അഥവാ പരംപൊരുൾ. അവനെ കാണണം... നമസ്കരിക്കണം... ഇനിയുള്ള കാലം...” അയാൾ ആവേശത്തോടെ പറഞ്ഞുനിർത്തി.

“ഇവിടെയുണ്ട് അവൻ, ഈ ഇസ്രയേൽദേശത്ത്. പക്ഷേ, താങ്കൾ അവനെ എങ്ങനെ തിരിച്ചറിയും?’’ പെട്ടെന്നായിരുന്നു യദീനയുടെ ചോദ്യത്തിനുത്തരം: ‘‘കണ്ടിരുന്നു അവനെ, സ്വപ്നങ്ങളിൽ. ആരിലും ദർശിക്കാത്ത അപാരശാന്തത, ആർദ്രത, കരുണ. അവനെ പുൽകണം. എടുത്തുകൊള്ളൂ യദീനേ. എനിക്കൊന്നും... വേണ്ട. വേണ്ടത് അവനെ മാത്രം. ഈ രത്നം അമൂല്യമാണ്. വിറ്റിട്ട് നിന്റെ യജമാനന്റെ അടിമത്തത്തിൽനിന്നു നീ സ്വതന്ത്രയാകൂ. ജീവിക്ക്... അടിമത്തത്തിന്റെ നുകം വലിച്ചെറിഞ്ഞ് ആർക്കും അടിമപ്പെടുത്താനാവാത്ത അപാരമായ മനസ്സിന്റെ ഉടമയാകൂ... പോകൂ..’’ അയാളുടെ ശബ്ദം ഉറച്ചതായിരുന്നു. ആർക്കും ഒരു തത്ത്വശാസ്ത്രത്തിനും ആരെയും ദീർഘകാലം അടിമയാക്കാൻ സാധിക്കുകയില്ല. ചെങ്ങാലി അറിയാതെ തലയാട്ടിപ്പോയി. യഥാർഥത്തിൽ ഈ കീറവസ്ത്രധാരിയെ താൻ എന്തു പേരിട്ടു വിളിക്കും? എല്ലാം ത്യജിച്ചവൻ... ഈശ്വരന്റെ കാവൽക്കാരൻ... അതേ, അത് ആർത്തബാൻ തന്നെ.



എന്താണ് വലിയൊരാൾക്കൂട്ടം? ആരൊക്കെയോ ഒരാളെ വലിച്ചിഴയ്ക്കുന്നുണ്ട്. അന്തരീക്ഷത്തിൽ ആഞ്ഞുപൊങ്ങി പലതരത്തിലുള്ള വലയങ്ങൾ തീർത്ത്, ചമ്മട്ടികൾ ആരുടെയോ പുറത്തു പതിക്കുന്നു. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അയാൾ... ഒന്നും ഉരിയാടാതെ അതു തന്റെ ഗുരു... യേശു ആണല്ലോ. തലേദിവസം അവനെ വേട്ടയാടിയവർ ഇന്ന് ക്രൂരമർദനമേല്പിക്കുന്നു.

യേശു പോയ വഴിയിലെല്ലാം അവന്റെ ചുടുരക്തം പലതരത്തിലുള്ള ചിത്രങ്ങൾ വരച്ചുചേർക്കുന്നു. പ്രത്തോറിയത്തിലെ കരിങ്കൽപടവുകളിലൊന്നിൽ കിളിർത്ത് പൂചൂടിനിൽക്കുന്ന ചെറിയ ആൽമരച്ചെടിയിൽ തളിരിലകളെ ലക്ഷ്യമാക്കി, ആയിരം കാലുള്ള രാക്ഷസനെപ്പോലെ നീങ്ങുന്ന ഒരു വെളുത്ത പുഴു...! ശുഭ്രവർണം വാരിച്ചുറ്റിയ അവന്റെ കൊമ്പ്, വരാൻ പോകുന്ന വിനാശത്തിന്റെ കൊടിപടമെന്നവണ്ണം അന്തരീക്ഷത്തിൽ ഉയർന്നു നിൽക്കുന്നു. പ്രത്തോറിയത്തിൽ തന്റെ സൗഹൃദമനസ്കരെ ഇടംകണ്ണാൽ കടാക്ഷിച്ച് ദ്രുതഗതിയിൽ പച്ചിലകളെ അപ്പാടെ വിഴുങ്ങാൻ വെമ്പുകയാണവൻ. ഇവൻ ലൂസിഫറിന്റെ ജന്മം തന്നെ. കൊത്തിപ്പിളർക്കണം. ഉടലോടെ ഭസ്മീകരിക്കണം. ചുണ്ടുകൾ മരച്ചില്ലകളിൽ കൂട്ടിയുരുമ്മി, മൂർച്ചപ്പെടുത്തി ചെങ്ങാലി കുതിച്ചു.

*　*　*　*

ആർത്തബാൻ; അയാൾ ഉറ്റുനോക്കുകയാണ് തന്റെ സ്നേഹിതനെ. ചക്രവാകപ്പക്ഷി ദീർഘനാളുകൾക്കുശേഷം തന്റെ ഇണയെ കണ്ടുമുട്ടുമ്പോഴുള്ള അതേ നിസ്സംഗത. ഈശ്വരനെ ഹൃദയത്തിൽ പൂജിച്ചവൻ നേരിൽ കാണുമ്പോഴുള്ള അതേ പാരവശ്യം. യാഗപീഠത്തിൽനിന്നു ജന്മമെടുത്ത് അന്തരീക്ഷത്തിലേക്കു മറയുന്ന ഹോമപ്പക്ഷിയാണോ... ആർത്തബാൻ...? അന്ന് ആകാശത്തിൽ ഉയർന്ന നക്ഷത്രം, ഒരുപക്ഷേ അയാളെ വേട്ടയാടുന്നുണ്ടാകാം. അതേ നക്ഷത്രം, അതേ സ്നേഹത്തിന്റെ പ്രകാശരശ്മികൾ അവന്റെ കണ്ണുകളിൽ...! ആർത്തബാൻ അടുത്തുചെന്നു. ചെങ്ങാലിക്കു കണ്ണെടുക്കാനായില്ല. വേദനയാർന്ന ക്രൂശിതന്റെ കണ്ണുകളിലേക്ക് ആഴ്ന്നിറങ്ങവേ അയാൾ മനസ്സിലാക്കിയിരിക്കണം.

ദൈവം ഭ്രാന്തനാണെന്ന്...

മനുഷ്യനോടുള്ള സ്നേഹത്താൽ ഭ്രാന്തു പിടിച്ചവൻ...

യേശുവിന്റെ ശരീരത്തിൽ രക്തം അന്യമായിരിക്കുന്നു. കൊടിയ വേദനയുടെ പാരമ്യത്തിൽപോലും സ്നേഹത്താൽ അവന്റെ ഇമകൾ ചലിക്കുന്നു...! ബാല്യകാലസുഹൃത്തിനോടെന്നപോലെ സ്നേഹവായ്പോടെ സംസാരിക്കുന്നു... അയാളോട്:

“എന്തിനു വന്നു...?

കാണാൻ

ഇത്രയും വർഷങ്ങൾ...?

അടക്കാനായില്ല.

തിരിച്ചുപോകൂ...

ഇല്ല

എന്തിന്...? ഇവിടെ...?

അങ്ങയോടൊപ്പം മരിച്ച്, അങ്ങയിൽ ലയിക്കാമല്ലോ...

കൊടിയ വേദനയിൽ, രാത്രിയുടെ അന്ത്യയാമങ്ങളിൽ കരിയിലസമാനമായ അങ്ങയുടെയും എന്റെയും ശരീരത്തിൽനിന്ന് പ്രാണൻ വേർപെടുമ്പോൾ, ലോകം തിരിച്ചറിയും. സ്നേഹം മാംസനിബദ്ധമല്ലെന്ന്.

പൊടുന്നനെ മരുഭൂമിയിലെ ചുഴലിക്കാറ്റ് തന്നെയും ആർത്തബാനെയും വരിഞ്ഞുമുറുക്കി അന്തരീക്ഷത്തിലേക്ക് ഉയർത്തുന്നു... ചെങ്ങാലി പിൻതിരിഞ്ഞു നോക്കി... ആത്മമിത്രത്തെ ഒരിക്കൽക്കൂടി കാണാൻ. അവൻ നിലവിളിക്കുകയാണ്:

‘‘ഏലി, ഏലി, ല്മാ സബ്ക്ഥാനി”

അവന്റെ രക്തം നക്കിക്കുടിക്കുവാൻ എത്തിയ കുറുനരികൾപോലും ഞെട്ടി മാറിനിന്നു. “ഇങ്ങനെയും ഒരു മനുഷ്യനോ? ശത്രുവിനുവേണ്ടി ജീവൻ ബലിയർപ്പിച്ചവൻ?” അവർ പരസ്പരം പിറുപിറുക്കുന്നുണ്ടായിരുന്നു. അവനെ തഴുകിയ, ഒലിവുമരത്തിന്റെ സുഗന്ധം പേറിയെത്തിയ കിഴക്കൻകാറ്റ് അപ്പോഴും മെല്ലെ അവന്റെ ചെവിയിൽ മന്ത്രിച്ചു: “ദുഃഖശനിയാഴ്ചവരെ... ഉയിർപ്പുണ്ടാകും. എല്ലാവർക്കും, തീർച്ച!”

അപ്പോഴേക്കും പ്രത്തോറിയത്തിലെ ആൽമരത്തിന്റെ ചില്ലകൾ തനിയെ തളിർക്കുകയും പൂക്കുകയും ചെയ്ത് വസന്തത്തിന്റെ വരവറിയിക്കുന്നുണ്ടായിരുന്നു.

■

# മലയാളസിനിമയിലെ ഹൃദയത്തുടിപ്പുകൾ




കഴിഞ്ഞയാഴ്ചയിൽ മാധ്യമങ്ങളും സോഷ്യൽമീഡിയയും ഏറെ പ്രാധാന്യം കൊടുത്ത ഒരു വാർത്ത അവയവദാനവുമായി ബന്ധപ്പെട്ടതായിരുന്നു. ഐസക്ക് എന്നും ബിൽജിത്ത് എന്നും പേരുള്ള രണ്ടു ചെറുപ്പക്കാർക്ക് മസ്തിഷ്കമരണം സംഭവിച്ചതിനെത്തുടർന്ന് അവരുടെ അവയവങ്ങൾ ദാനം ചെയ്തതുമായി ബന്ധപ്പെട്ടതായിരുന്നു ആ വാർത്ത. അവയവദാനത്തിന്റെ പ്രാധാന്യവും പ്രസക്തിയും സമകാലികലോകത്തെ വ്യക്തമായി ഓർമിപ്പിക്കുന്ന ഒന്നായിരുന്നു അത്.

ഓണക്കാലത്ത് റിലീസ് ചെയ്ത സത്യൻഅന്തിക്കാട്-മോഹൻലാൽ ചിത്രത്തിന്റെ അടിയൊഴുക്കും അവയവദാനമായിരുന്നു. സന്ദീപ് ബാലകൃഷ്ണൻ എന്ന മോഹൻലാലിന്റെ കഥാപാത്രത്തിനു കേണലിന്റെ ഹൃദയം വച്ചുപിടിപ്പിക്കുന്നതും തുടർന്നുള്ള സംഭവവികാസങ്ങളുമാണ് ഹൃദയപൂർവത്തിന്റെ കഥ. ഹൃദയപൂർവം എന്നു സിനിമയ്ക്കു പേരിട്ടത് എന്തുകൊണ്ടാണ് എന്നുകൂടി ഇവിടെ വ്യക്തമാക്കപ്പെടുന്നു.

ഹൃദയം ഒരാളിൽ വച്ചുപിടിപ്പിക്കുമ്പോൾ ദാതാവിന്റെ ബന്ധുക്കൾക്കു സ്വീകർത്താവിനോടു തോന്നുന്ന അടുപ്പവും സ്നേഹവും വൈകാരികമായ ബന്ധവും സ്വാഭാവികമാണ്. തങ്ങളുടെ പ്രിയപ്പെട്ടവർ ജീവിക്കുന്നത് ഇനിമുതൽ അവരിലൂടെയാണ് എന്ന സത്യം തിരിച്ചറിയുമ്പോഴുണ്ടാകുന്ന അടുപ്പവും തിരിച്ചുള്ള കടപ്പാടും അവിസ്മരണീയമാണ്. എന്നാൽ ഹൃദയപൂർവത്തിൽ ഇത്തരത്തിലുള്ള വൈകാരികവിസ്ഫോടനങ്ങളും സംഘർഷങ്ങളും സിനിമയുടെ കേന്ദ്രഭാവമാകുന്നില്ല. അല്ലെങ്കിൽ അതിനപ്പുറം മറ്റു ചിലതൊക്കെ പറയാനാണ് സംവിധായകൻ ശ്രമിക്കുന്നത്.


എന്നാൽ, ഇതിൽനിന്നേറെ വ്യത്യസ്തമായിരുന്നു 1992 ൽ കമലിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ ആയുഷ്കാലം എന്ന ജയറാം-മുകേഷ് ചിത്രം. ഹോളിവുഡ് ചിത്രങ്ങളായ ഗോസ്റ്റ്, ഹാർട്ട് കണ്ടീഷൻ എന്നിവയിൽനിന്നു പ്രചോദനം സ്വീകരിച്ചുകൊണ്ട് രാജൻ-വിനുകീരിയത്തുമാരാണ് ചിത്രത്തിന്റെ തിരക്കഥയൊരുക്കിയത്. അപകടത്തിൽപെട്ട് അപ്രതീക്ഷിതമായി മരണമടയുന്ന എബി മാത്യുവിന്റെ ഹൃദയം ബാലകൃഷ്ണനു വച്ചുപിടിപ്പിക്കുന്നതും പിന്നീട് ബാലകൃഷ്ണനിലൂടെ തന്റെ മരണത്തിനു പിന്നിലെ യഥാർഥ കുറ്റവാളികളെ കണ്ടെത്തുന്നതുമായ തമാശയും സസ്പെൻസും കണ്ണീരും നിറഞ്ഞ സിനിമയായിരുന്നു അത്. മറ്റൊരാളിൽ തന്റെ ഹൃദയം തുടിക്കുന്നുവെന്നറിഞ്ഞിട്ടും ആ ഹൃദയസ്പന്ദനത്തിലൂടെ തന്റെ സാന്നിധ്യം പ്രിയപ്പെട്ടവർക്കു ബോധ്യമാക്കിക്കൊടുക്കാൻ കഴിയാതെ പോകുന്ന എബിയുടെ നിസ്സഹായതയും നിഷ്കളങ്കതയും പ്രേക്ഷകർക്ക് അനുഭവിക്കാൻ കഴിയുന്നുണ്ട്.

അവയവദാനത്തിന്റെ പ്രസക്തിയും അതു കൃത്യസമയത്ത് എങ്ങനെ എക്സിക്യൂട്ട് ചെയ്യണം എന്നതിന്റെ വിശദമായ വിവരണവും മലയാളികൾക്ക് ആദ്യമായി ബോധ്യപ്പെടുത്തിക്കൊടുത്തത് രാജേഷ് പിള്ള സംവിധാനം ചെയ്ത, 2011 ൽ പുറത്തിറങ്ങിയ ട്രാഫിക് എന്ന ചിത്രമാണ്. പല അടരുകളുള്ള പ്രസ്തുത സിനിമയിലൂടെയാണ് സാധാരണപ്രേക്ഷകർക്ക് അവയവദാനത്തിന്റെ സങ്കീർണതകളും മറ്റും ബോധ്യമായത്. ഹൃദയവുമായി പോകുന്ന വാഹനത്തിന് വഴിയൊരുക്കാൻവേണ്ടിയുള്ള ധീരപ്രവൃത്തികൾ കണ്ട് തീയറ്റർ ഒന്നാകെ കൈയടിച്ചതിന്റെ ആരവം വർഷങ്ങൾ കഴിഞ്ഞ് ഇപ്പോഴും കാതുകളിൽനിന്നു മാഞ്ഞുപോയിട്ടില്ല.













**ജീവിക്കുന്ന ചുറ്റുപാടുകൾ സിനിമകൾക്ക് ഇതിവൃത്തമാകേണ്ടതാണ്. അങ്ങനെയാണ് സിനിമ വർത്തമാനകാലത്തിൽ ഇടപെടലുകൾ നടത്തുന്നത്. അതുകൊണ്ടുതന്നെ ജനോപകാരപ്രദമായ കാര്യങ്ങളും ആശയങ്ങളും പ്രചോദനാത്മകമായ ജീവിതവും സിനിമകളിൽ കടന്നുവരേണ്ടത് അത്യാവശ്യവുമാണ്. അവയവദാനംപോലെയുള്ള വിഷയങ്ങൾ സിനിമകളിൽ കടന്നുവരുന്നത് കൂടുതൽ പേർക്ക് പ്രചോദനാത്മകമായ തീരുമാനങ്ങളെടുക്കാൻ സഹായിക്കുമെന്നുറപ്പാണ്.**

മേല്പറഞ്ഞ സിനിമകളിൽ നിന്നെല്ലാം വ്യത്യസ്തമായ അവയവദാനത്തിന്റെ കഥപറഞ്ഞ സിനിമയാണ് കുഞ്ഞിക്കൂനൻ. കുഞ്ഞൻ എന്ന ബിമൽകുമാറിന്റെ കഥയാണ് ഇതെങ്കിലും അതിൽ പ്രസാദും ലക്ഷ്മിയും വാസുവും ചെമ്പകവും എല്ലാം കടന്നുവരുന്നുണ്ട്. ബലാത്സംഗശ്രമത്തിനിടയിൽ കൊല്ലപ്പെട്ട ലക്ഷ്മിയുടെ കണ്ണാണ് അന്ധയായ ചെമ്പകത്തിനു കാഴ്ചയേകുന്നത്. അവയവദാനം എന്ന വിഷയം നേരിട്ട് ഇതിൽ സംബോധന ചെയ്യുന്നില്ല എന്നതു വാസ്തവമാണെങ്കിലും അവയവദാനത്തിന്റെ പ്രാധാന്യം ഇതിലും ഓർമപ്പെടുത്തുന്നുണ്ട്. വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന സിനിമയിലും നേത്രദാനം എന്ന വിഷയം കടന്നുവരുന്നുണ്ട്. ജീവിച്ചിരിക്കുമ്പോൾത്തന്നെ തന്റെ കണ്ണ് അന്ധനായ രാമുവിനു ദാനംചെയ്യാൻ കഴിയുമെന്നു വിശ്വസിപ്പിച്ചുകൊണ്ടാണ് ഇതിൽ വാസന്തിയും ലക്ഷ്മിയും ചതിക്കപ്പെടുന്നത്.

എന്നാൽ, അവയവദാനത്തിന്റെ പിന്നിലെ കൊള്ളയും കച്ചവടവുമാണ് പത്മകുമാറിന്റെ ജോസഫും അതിനുംമുമ്പ് സംഗീത്ശിവന്റെ നിർണയവും പറഞ്ഞത്. എങ്ങനെ നിരപരാധികളെ മെഡിക്കൽസംഘം ചതിയിൽപെടുത്തി അവരുടെ അറിവോ സമ്മതമോ ഇല്ലാതെ അവയവം കവർന്നെടുക്കുന്നു എന്നതാണ് 1995 ൽ പുറത്തിറങ്ങിയ നിർണയം എന്ന മോഹൻലാൽ ചിത്രം പറഞ്ഞത്. അതിനെക്കാൾ ഭീകരമായ വിധത്തിൽ ഇരകളെ വേട്ടയാടിപ്പിടിക്കുന്ന സംഘത്തിന്റെ കഥയാണ് ജോസഫ് എന്ന സിനിമ പറഞ്ഞത്. എന്നാൽ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പോലെയുള്ള സംഘടനകൾ ചിത്രത്തിനെതിരേ നിശിതവിമർശനമാണ് തൊടുത്തുവിട്ടത്. സംസ്ഥാനത്തു നിലവിലുള്ള കർശനമായ അവയവമാറ്റനിയമംമൂലം അവയമാറ്റങ്ങളുടെ എണ്ണത്തിൽ ഭീകരമായ തോതിൽ കുറവു നേരിടുമ്പോൾ ഇത്തരം സിനിമകൾ തെറ്റായ സന്ദേശം നല്കി ആളുകളെ അവയവമാറ്റത്തിൽനിന്നു പിന്തിരിപ്പിക്കുന്നുവെന്നായിരുന്നു ഐഎംഎയുടെ പ്രതിഷേധം. പക്ഷേ, സിനിമയുടെ കഥ വാസ്തവമാണെന്നും യഥാർഥജീവിതത്തിൽ നിന്നാണ് സിനിമയൊരുക്കിയത് എന്നുമായിരുന്നു തിരക്കഥാകൃത്ത് ഷാഹി കബീറിന്റെ വിശദീകരണം.

ജീവിക്കുന്ന ചുറ്റുപാടുകൾ സിനിമകൾക്ക് ഇതിവൃത്തമാകേണ്ടതാണ്. അങ്ങനെയാണ് സിനിമ വർത്തമാനകാലത്തിൽ ഇടപെടലുകൾ നടത്തുന്നത്. അതുകൊണ്ടുതന്നെ ജനോപകാരപ്രദമായ കാര്യങ്ങളും ആശയങ്ങളും പ്രചോദനാത്മകമായ ജീവിതവും സിനിമകളിൽ കടന്നുവരേണ്ടത് അത്യാവശ്യവുമാണ്. അവയവദാനംപോലെയുള്ള വിഷയങ്ങൾ സിനിമകളിൽ കടന്നുവരുന്നത് കൂടുതൽ പേർക്കു പ്രചോദനാത്മകമായ തീരുമാനങ്ങളെടുക്കാൻ സഹായിക്കുമെന്നുറപ്പാണ്. മരിച്ചുമണ്ണടിയുമ്പോഴും മറ്റുള്ളവർക്ക് ഉപകാരം ചെയ്യാൻ കഴിയുമെന്നു തെളിയിക്കുന്നതാണ് അവയവദാനം.

■

ശനിയാഴ്ച രാവിലെ പാലച്ചുവട്ടിൽ ടോണി അപ്പനെ കാണാനായി ക്യൂൻമേരി മെന്റൽ ഹോസ്പിറ്റലിലെത്തി. ജീനായുടെ ശവസംസ്കാരം നടന്ന ദിവസം നാട്ടുകാർ ചേർന്നുപിടിച്ചുകെട്ടി, ജോസിനെ ആശുപത്രിയിലാക്കിയതാണ്. മനോരോഗാശുപത്രിയിലെ വാസം ജയിൽവാസത്തേക്കാൾ ഭീതിജനകമാണെന്നു കേട്ടിട്ടുണ്ട്. മനസ്സിന്റെ താളം തെറ്റിയാൽ മനുഷ്യൻ മൃഗത്തേക്കാൾ ഹീനരാകുന്നു. ഫ്രണ്ട് ഓഫീസിൽ താൻ വന്ന വിവരം അറിയിച്ചശേഷം ടോണി സന്ദർശകമുറിയിൽച്ചെന്നിരുന്നു. അരമണിക്കൂർ കഴിഞ്ഞപ്പോൾ ഒരു മെയിൽനേഴ്സിനൊപ്പം ജോസ് അവിടേക്കു മെല്ലെ നടന്നെത്തി. ഒത്ത ശരീരവും ആരോഗ്യവുമുണ്ടായിരുന്ന അയാൾ ആകെ ക്ഷീണിതനായി കാണപ്പെട്ടു. ടോണിയെ സൂക്ഷിച്ചുനോക്കിയതല്ലാതെ ഒന്നും മിണ്ടിയില്ല. ടോണി അടുത്തുചെന്ന് പപ്പായുടെ കൈയിൽ പിടിച്ചു.

"പപ്പാ... എന്താ ഒന്നും മിണ്ടാത്തെ."

"ഞാനെന്തു പറയാനാടാ? പിന്നെ മനസ്സിൽ ഒരാഗ്രഹമുണ്ട്. ഇടവകപ്പള്ളീൽവരെയൊന്നു പോണം. എന്റെ മോളുടെ കല്ലറയിൽചെന്നു പ്രാർഥിക്കണം."

"ഇപ്പം എങ്ങനെ പോകാനാ പപ്പാ. ഡോക്ടറ് ഇവിടുന്നു വിടുകേലല്ലൊ." ടോണി പറഞ്ഞു.

"വിടുകേലെങ്കിൽ പോകണ്ട. ജീനാമോള്... ഇപ്പം സ്വർഗത്തിൽ ചെന്നു കാണുമല്ലേടാ?"

"അവള് സ്വർഗത്തിൽ ചെന്നു പപ്പാ. ഈശോയുടേം മാലാഖമാരുടേം കൂടെയിരുന്ന് നമ്മൾക്കൊക്കെ വേണ്ടി പ്രാർത്ഥിക്കുകയായിരിക്കും."

അല്പനേരംകൂടി മൗനിയായി ജോസ് അതേ നില്പു തുടർന്നു. തമ്മിൽ പറയാൻ ഒന്നുമില്ല. മെയിൽനേഴ്സ് ജോസിനെ തിരികെ സെല്ലിലേക്കു കൊണ്ടുപോയി. രണ്ടുമണിക്കൂർ കാത്തിരുന്നശേഷമാണ് അവിടുത്തെ പ്രധാനഡോക്ടർ വിജയാനന്ദിനെ കാണാൻ കഴിഞ്ഞത്.

"ടോണീ, അച്ഛനെക്കണ്ട് സംസാരിച്ചില്ലേ?"

"കണ്ടു. വർത്താനം പറഞ്ഞു. ആള് ആകെ ക്ഷീണിച്ചതുപോലെ തോന്നി."

"അല്പം ഡോസുകൂടിയ മരുന്നാ ചെയ്യുന്നെ. അതുകൊണ്ടാ ആളിനൊരു ഉത്സാഹക്കുറവു തോന്നുന്നെ. ഇവിടെയെത്തിയ രണ്ടു ദിവസം വലിയ പരാക്രമമായിരുന്നു. വരുതിയിലാക്കാൻ സ്റ്റാഫ് വല്ലാതെ കഷ്ടപ്പെട്ടു. ഒത്തിരി ഇടീം തൊഴീം വാങ്ങിക്കുകേം ചെയ്തു." ഡോക്ടർ വിജയാനന്ദ് പറഞ്ഞു.

"അസുഖം വരുമ്പം പപ്പായ്ക്കു ഭയങ്കരശക്തിയാ. ഇങ്ങോട്ടു കൊണ്ടുപോരാൻ പിടിച്ചുകെട്ടിയപ്പോഴും ഒരുപാട് ശല്യമുണ്ടാക്കി."


"മാനസികരോഗം പലവിധത്തിലുണ്ട്. ചിലര് തീർത്തും സൈലന്റായിപ്പോകും. ഭക്ഷണം കഴിക്കണോന്നോ കുളിക്കണോന്നോ വസ്ത്രം മാറണോന്നോ ഒന്നും ശ്രദ്ധയില്ലാത്ത അവസ്ഥ. ജോസ് പലപ്പോഴും അക്രമസ്വഭാവം കാണിക്കുന്നു. എതിർപ്പുള്ളവരെ കൊലപ്പെടുത്താൻ പോലും മടിക്കില്ല."

"പപ്പായ്ക്ക് ഏറ്റവും പ്രിയപ്പെട്ടവളായിരുന്നു ജീനാ. അവളുടെ കല്യാണം ആർഭാടമായി നടത്തണോനൊക്കെയുണ്ടായിരുന്നു. പപ്പായ്ക്ക് ഈ അസുഖമായതുകൊണ്ട് കല്യാണം നടക്കുമോന്നുപോലും ഞങ്ങൾക്കൊക്കെ പേടിയുണ്ടായിരുന്നു. ആ പയ്യൻ നേരേ നിന്നു. അവന്റെ അപ്പൻ ഭയങ്കര എതിരായിരുന്നു."

"ജീനായെ ഭർത്താവിന്റെ അച്ഛൻ കൊലപ്പെടുത്തിയതാണെന്നൊക്കെ ആരോപണമുയർന്നിട്ടുണ്ടല്ലോ..."

"കൊന്നതു തന്നെയെന്നു ഡോക്ടറെ. മകനെക്കൊണ്ട് വേറെ പെണ്ണിനെ കെട്ടിക്കാൻ വേണ്ടി അയാൾ ചെയ്തതാ. ക്വട്ടേഷൻകാരെക്കൊണ്ടു ചെയ്യിക്കുകയായിരുന്നു. മേടയ്ക്കൽ മാത്തുക്കുട്ടി വല്യസ്വാധീനമുള്ളയാളായതുകൊണ്ട് കേസൊക്കെ ഒതുക്കും ഡോക്ടറെ." ടോണി പറഞ്ഞു.

"അയാൾ കൊല്ലിച്ചതാണെന്നു സംശയിക്കുന്നതിൽ ചില ന്യായങ്ങളുണ്ട്. അന്ധമായി അങ്ങനെയാണെന്നു വിശ്വസിക്കരുത്." ഡോക്ടർ വിജയാനന്ദ് പ്രതികരിച്ചു.



"എന്താ ഡോക്ടർ, അങ്ങനെ പറഞ്ഞത്?"

"പല മരണങ്ങളുടെയും പിന്നിലുള്ള സത്യം നമ്മൾ വിചാരിക്കുന്നതിനപ്പുറമായിരിക്കും. സ്നേഹിച്ചു വിവാഹം കഴിച്ചവരായതുകൊണ്ട് അവർക്കിടയിൽ ഒരു ഭിന്നതയുണ്ടാകില്ലെന്നോ, കുടുംബത്തിൽനിന്നുതന്നെ ആത്മഹത്യാപ്രേരണ ഉണ്ടാകില്ലെന്നോ കരുതാനാവില്ല."

"മുറിയുടെ വാതിൽ അടച്ചു കുറ്റിയിടാതെ ആരെങ്കിലും ആത്മഹത്യ ചെയ്യുമോ ഡോക്ടർ?"

"പോലീസ് അന്വേഷിക്കുന്നുണ്ടല്ലോ. എല്ലാം അന്വേഷണത്തിൽ തെളിയട്ടെ. ടോണി പറഞ്ഞ സംശയം അച്ഛന്റെ മനസ്സിലെത്തിയാൽ അയാൾ പ്രതികാരദാഹിയാകും. ചിലപ്പോൾ ഒരു കൊലപാതകിയായെന്നുമിരിക്കും."

"പപ്പായോട് ഇതൊന്നും ഞാൻ പറയില്ല, ഡോക്ടർ. ചികിത്സ ഇനി എത്ര ദിവസം കൂടി വേണ്ടിവരും, ഡോക്ടറെ."

"ഒരാഴ്ചകൂടി കഴിഞ്ഞ് ഡിസ്ചാർജ് ചെയ്യാം. ഇപ്പോൾ മരുന്നു കൊടുക്കുകയും നിരീക്ഷിക്കുകയുമാണ്."

"ശരി ഡോക്ടർ."

ടോണി, ഡോക്ടർ വിജയാനന്ദിന്റെ മുറിവിട്ടിറങ്ങി. അവൻ മഹീന്ദ്ര ജീപ്പിൽ അതിശീഘ്രം നാട്ടിലേക്കു മടങ്ങി.

* * * *

ജീനായുടെ കല്ലറയ്ക്കുമേൽ പുഷ്പചക്രം വച്ച അജ്ഞാതനായ സഹപാഠിയെ കണ്ടെത്താനുള്ള ദൗത്യവുമായി ഹെഡ് കോൺസ്റ്റബിൾ രാജീവൻ അലച്ചിൽ തുടങ്ങിയിട്ട് ഒരാഴ്ചയായി. പൂക്കടകൾ കേന്ദ്രീകരിച്ചായിരുന്നു പ്രധാന അന്വേഷണം. പലസ്ഥലങ്ങളിലെയും സി.സി. ടി.വി. ക്യാമറാദൃശ്യങ്ങളും പരിശോധിച്ചു. ഇതുവരെ യാതൊരു തുമ്പും കിട്ടിയിട്ടില്ല. സർക്കിൾ ഇൻസ്പെക്ടറുടെ ശകാരം പലതവണ രാജീവനു കിട്ടി. തന്റെ തൊഴിലിനോടുപോലും അദ്ദേഹത്തിനു മടുപ്പുതോന്നിത്തുടങ്ങി. നഗരത്തിന്റെ ഒഴിഞ്ഞ കോണിൽ ഒരു ചെറിയ പൂക്കട ശ്രദ്ധയിൽപ്പെട്ടു. "സാനിയ ഫ്ളവേഴ്സ്!" രാജീവൻ കടയിലേക്കു കയറിച്ചെന്നു. അദ്ദേഹം യൂണിഫോമിലായിരുന്നില്ല.

"എന്താ ചേട്ടാ വേണ്ടത്?" തടിച്ച ശരീരമുള്ള മധ്യവയസ്കയായ പൂക്കടക്കാരി നിറഞ്ഞ ചിരിയോടെ ചോദിച്ചു.

"ഞാൻ ഒരു വിവരം ചോദിക്കാൻ വന്നതാ." പൊലീസിന്റെ ഐ.ഡി. കാർഡ് കാട്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു. പൂക്കടക്കാരിയുടെ മുഖത്തെ ചിരി മങ്ങി.

"എന്താ അറിയേണ്ടത്?" ഒരു കച്ചവടം കിട്ടുമെന്നുള്ള പ്രതീക്ഷ നഷ്ടപ്പെട്ടതിന്റെ ഈർഷ്യ ശബ്ദത്തിലുണ്ടായി.

ഹെഡ് കോൺസ്റ്റബിൾ തന്റെ മൊബൈലിൽ പകർത്തിയിരുന്ന പുഷ്പചക്രത്തിന്റെ ചിത്രം അവർക്കു കാട്ടിക്കൊടുത്തു. പൂക്കടക്കാരിയുടെ മുഖത്തു വിസ്മയമായി.

"ഇത്?"

"ഇതിവിടുന്നു വാങ്ങിയതാണോ?"

"അതെ."

"ആരുണ്ടാക്കി, ഇത്ര മനോഹരമായിട്ട്?"

"ഇവിടെയെല്ലാം ഞാൻ തന്നെയുണ്ടാക്കുന്നതാ."

"ഇതിലെഴുതിയതും നിങ്ങൾ തന്നെയാണോ?"

"അതെ."

"നല്ല കൈയക്ഷരം. പ്രിന്റു ചെയ്താലും ഇത്ര മനോഹരമാകില്ല."

"നല്ല അഭിപ്രായം പറഞ്ഞതിന് നന്ദിയുണ്ടു സാറെ. ഇതൊരു പുറംകോണിലുള്ള ചെറിയ കടയാണെങ്കിലും ഒരിക്കൽ വാങ്ങുന്നവർ പിന്നെയും ഇവിടെത്തന്നെ വരും. വലിയ വില ആരോടും വാങ്ങിക്കാറുമില്ല."

"ഇത് ആർക്കുണ്ടാക്കിക്കൊടുത്തതാണ്?"

"അത് ഒരു വലിയ സാറിന് പ്രത്യേകം ഉണ്ടാക്കിക്കൊടുത്തതാ. ശ്രീജിത്സാറിനാ."

"അതാരാ?"

"ഇവിടെയടുത്ത് 'സൺസ്റ്റാർ കൺസ്ട്രക്ഷൻസ്' എന്ന പേരിൽ വലിയ ഒരു കമ്പനിയുണ്ട്. അവരുണ്ടാക്കുന്ന കെട്ടിടങ്ങളുടെയും വീടുകളുടെയുമൊക്കെ പ്ലാൻ വരയ്ക്കുന്നയാളാ, ശ്രീജിത് സാർ. ലക്ഷങ്ങൾ ശമ്പളം വാങ്ങുന്ന മനുഷ്യനാ. കൈയിലൊന്നുമിരിക്കുകേലന്നു മാത്രം. എല്ലാം ധൂർത്തടിച്ചു തീർക്കുകാ."

"ഞാനങ്ങനെയൊരാളെപ്പറ്റി കേട്ടിട്ടില്ല." രാജീവൻ പറഞ്ഞു.

"ചെറുപ്പമാ. ഇരുപത്തേഴോ, ഇരുപത്തെട്ടോ കാണും.'

"ആളു സുന്ദരനാണോ?"

"സുന്ദരനായിരുന്നു. പക്ഷേ, ഇപ്പം കണ്ടാൽ ഒരു ഭ്രാന്തനോ രോഗിയോ ഒക്കെയാണെന്നു തോന്നും."

"അതെന്താ അങ്ങനെ?"

"അത്.... അതൊരു ചെറിയ കഥയാ സാറെ."

എഞ്ചിനീയറിങ്ങിനു പഠിക്കുന്ന കാലത്ത് കൂടെ പഠിച്ച ഒരു പെണ്ണിനോട് ശ്രീജിത്സാറിന് മരണസ്നേഹമായിരുന്നു. അവൾക്ക് ആ കോളജിൽത്തന്നെയുള്ള വേറൊരുത്തനോടായിരുന്നു ഇഷ്ടം. പഠിച്ചെറങ്ങിയിട്ടും ആ പെണ്ണിനെത്തന്നെ കെട്ടാൻ വേണ്ടി പുള്ളി ഒത്തിരി പുറകേ നടന്നു. പെണ്ണ് അവൾക്കിഷ്ടപ്പെട്ട ചെറുക്കനെത്തന്നെ കെട്ടി. ഈയിടെ അവള് കൈഞരമ്പു മുറിച്ച് മരിക്കുകേം ചെയ്തു."

"ഹോ! ഇതൊരു നല്ല കഥയാണല്ലോ. ചേച്ചീടെ പേര്?"

"ഗീത. എല്ലാരും ഗീതമ്മേന്നു വിളിക്കും."

"ഈ പുഷ്പചക്രം ഇത്ര മനോഹരമായിട്ടുണ്ടാക്കിക്കൊടുത്തതിന് ഗീതമ്മയ്ക്കു നല്ല തുക കിട്ടിക്കാണുമല്ലോ?"

"കിട്ടി സാറെ. അത് മനോഹരമായിട്ടുണ്ടാക്കി, സാറെഴുതിത്തന്നത് നല്ല അക്ഷരത്തിൽ പകർത്തി, സാധനം എടുത്തുകൊടുത്തപ്പം ആ മുഖത്തെ സന്തോഷം കാണണ്ടതായിരുന്നു. എത്ര വേണോന്നു ചോദിച്ചു. ഇഷ്ടമുള്ളതു തന്നേക്കാൻ പറഞ്ഞു. ഒരു കവറ് എനിക്കു നീട്ടിത്തന്നു. ഞാൻ പിന്നെ എണ്ണിനോക്കിയപ്പം പതിനായിരം!"

"ലോട്ടറിയടിച്ചല്ലേ?"

"സാറേ... ഞാൻ കരഞ്ഞുപോയി. ആ മരിച്ചുപോയ പെണ്ണിനോട് ശ്രീജിത്സാറിനിപ്പഴുമുള്ള സ്നേഹംകൊണ്ടല്ലേ ഇങ്ങനെയൊക്കെ ചെയ്തത്?"

അപ്പോൾ എച്ച്.സി. രാജീവന്റെ മൊബൈൽ ഫോൺ ശബ്ദിച്ചു. അദ്ദേഹം പെട്ടെന്നെടുത്തു നോക്കിയപ്പോൾ ലൈനിൽ സി.ഐ. മോഹൻ തോമസ്!

"ഹലോ... സാർ... എന്താണു സാർ?"

"തനിക്കു ട്രാൻസ്ഫർ!"

(തുടരും)

നോവൽ 8



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

# അതിരുവിട്ട ഓണാഘോഷം



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

**ഓ**ണവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ പണ്ടുമുതലുള്ളതാണ്. അതിൽ മതത്തിന്റെ ചായം പുരട്ടി ഒരു പ്രത്യേക മതത്തിന്റെ ആഘോഷമാകയാൽ മറ്റുള്ളവർക്കു സ്വീകാര്യമല്ലെന്ന മട്ടിലുള്ള പ്രചാരണവും, ചില മതങ്ങളിലെ തീവ്രവാദനിലപാടുള്ള ഏതാനും ചില വ്യക്തികൾ തങ്ങളുടെ വിശ്വാസത്തിനതു നിരക്കാത്തതാണെന്നു നടത്തിയ പ്രചാരണവും ശ്രദ്ധിക്കപ്പെടാതെ തള്ളിക്കളയേണ്ട കാര്യമായി തോന്നുന്നില്ല. ഓണത്തിനു മതമില്ല എന്ന കേരളീയരുടെ പൊതുനിലപാടു തന്നെയാണ് ആഘോഷിക്കപ്പെടേണ്ടത്.

ഓണം കേരളത്തനിമയുടെ പ്രകാശനമാണ്. അതു കേരളത്തിന്റെ കാർഷികോത്സവവും സാംസ്കാരികോത്സവവും മാത്രമല്ല, അത് മാനവിക ഐക്യത്തിന്റെ ആഘോഷവുംകൂടിയാണ്. ജാതിമതവർഗവർണഭേദമെന്യേ വലുപ്പച്ചെറുപ്പവ്യത്യാസമില്ലാതെ, രാഷ്ട്രീയചേരിതിരിവുകളില്ലാതെ, ഒരുമയുടെ വേദിയിൽ ആഘോഷിക്കുന്ന ഉത്സവമാണ് തിരുവോണം.

തിരുവോണം വീടിന്റെ ആഘോഷമായിരുന്നു. കുടുംബത്തിലുള്ള എല്ലാവരും ഒരുമിച്ചുചേർന്നാണ് ഓണാഘോഷപരിപാടികൾ നടത്തിയിരുന്നത്. പൂക്കളം നിർമ്മിക്കുന്നതും ഓണപ്പാട്ട് പാടുന്നതും ഓണക്കളികൾ നടത്തുന്നതും ഓണസദ്യയുണ്ടാക്കുന്നതുമെല്ലാം കുടുംബാംഗങ്ങൾ സഹകരിച്ചായിരുന്നു. പഠനത്തിനും തൊഴിലിനുമായി വീട്ടിൽനിന്നു മാറിനിന്നവരെല്ലാം വീട്ടിൽ തിരിച്ചെത്തുന്നത് ഓണാഘോഷത്തിനാണ്. വീട്ടിൽ അംഗങ്ങൾ ആവശ്യത്തിനില്ലാത്ത സാഹചര്യത്തിലാണ് അയൽപക്കങ്ങളിലേക്കും പിന്നീട് നാട്ടിലേക്കും ഓണാഘോഷം മാറിയത്. ഈ പരിണാമത്തിനിടയിലും ഓണാഘോഷത്തിന്റെ ചൈതന്യത്തിനു മാറ്റു കുറഞ്ഞിരുന്നില്ല.

അറുതികൾക്കും വറുതികൾക്കുമിടയിലും സമൃദ്ധിയുടെ അനുഭവവും മനുഷ്യരെല്ലാരും ഒന്നാണെന്ന മഹത്തരമായ ചിന്തയും ഓണാഘോഷത്തെ കേരളീയർക്കു പ്രിയപ്പെട്ടതാക്കി. കേരളീയർ ലോകത്തിന്റെ ഏതു ഭാഗത്തു ജീവിച്ചാലും അവിടെ സൗകര്യപ്രദമായ ദിവസം ഒരുമിച്ചുകൂടി ഓണമാഘോഷിക്കുന്ന പതിവ് ഇന്നും തുടരാനുള്ള കാരണം ഓണം മാനവൈക്യത്തിന്റെ പ്രേരകശക്തിയാകുന്നു എന്നതുതന്നെയാണ്.

മഹാപ്രളയങ്ങളും കൊവിഡ് മഹാമാരിയും മുടക്കിയ ഓണാഘോഷപരിപാടികൾ സാഹചര്യങ്ങൾ അനുകൂലമായപ്പോൾ കേരളീയർ തിരിച്ചുപിടിച്ചത് ശ്ലാഘനീയംതന്നെ. എന്നാൽ, ഈ വർഷത്തെ ഓണാഘോഷം അതിരുവിട്ടുവെന്ന റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുകയാണ്. സന്തോഷകരമായി പര്യവസാനിക്കേണ്ടിയിരുന്ന ആഘോഷപരിപാടികൾ ക്രമസമാധാനപ്രശ്നങ്ങളായി മാറുകയും അമിതമായ മദ്യസേവയും അഴിഞ്ഞാട്ടവും ഓണാഘോഷത്തിന്റെ മഹത്ത്വത്തെ കളങ്കപ്പെടുത്തുകയും ചെയ്തു.

സർക്കാർ ഓഫീസുകളും പൊതുമേഖലാസ്ഥാപനങ്ങളും കേന്ദ്രീകരിച്ചു നടന്ന ഓണാഘോഷപരിപാടികളും അതിന്റെ ഫണ്ടുശേഖരണവും പരാതികൾക്കിടയാക്കി. ബസ്സ്റ്റാൻഡ്, പൊലീസ് സ്റ്റേഷൻ, ആശുപത്രി തുടങ്ങിയ സേവനമേഖലകളിലെ അതിരുകടന്ന ആഘോഷപരിപാടികൾ അടിയന്തരസ്വഭാവമുള്ള സേവനങ്ങളുടെപോലും താളം തെറ്റിക്കുകയുണ്ടായി. സാധാരണ പ്രവൃത്തിദിനങ്ങളിൽ ജോലിക്കു ഹാജരാകാത്തവർ പോലും ഓണാഘോഷത്തിന് ഓഫീസുകളിലെത്തുന്ന രീതി എത്രത്തോളം പ്രോത്സാഹനജനകമാണെന്നു പരിശോധിക്കണം.

നമ്മുടെ സർക്കാർ സേവനമേഖലയുടെ സ്ഥിതി പരിതാപകരമാണെന്ന് സർക്കാർതന്നെ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. ഉദ്യോഗസ്ഥർ തീർപ്പുകല്പിക്കാത്ത മൂന്നരലക്ഷത്തിലധികം ഫയലുകൾ സെക്രട്ടേറിയറ്റിൽത്തന്നെ കുന്നുകൂടി കിടപ്പുണ്ട്. ജീവനക്കാർ അവരുടെ ജോലി അനുദിനം ചെയ്തുവന്നാൽ ഫയലുകൾ കുന്നുകൂടില്ല. ജോലിയെടുക്കാതെ കനത്ത ശമ്പളം വാങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയനേതൃത്വവും ട്രേഡുയൂണിയൻ സംസ്കാരവുമാണ് ഫയലുകൾ കൂമ്പാരമാകാൻ കാരണം. ചെയ്യുന്ന പണിക്ക് ആനുപാതികമായി മാത്രം വേതനം നൽകിയാൽ ഫയൽനീക്കത്തിന്റെ വേഗം വർധിക്കും.

രോഗത്തിന്റെ വേദനയും മരണത്തിന്റെ സങ്കടവും ചികിത്സാച്ചെലവിനെക്കുറിച്ചുള്ള ആകുലതയുമായി എത്തുന്നവർക്ക് ആശുപത്രിയിലെ അതിരുകടന്ന ആഘോഷപരിപാടികൾ ആസ്വദിക്കാൻ കഴിഞ്ഞെന്നു വരില്ല. ഉത്തരവാദിത്വം മറന്നുള്ള ആഘോഷങ്ങൾ ഒഴിവാക്കേണ്ടതാണ്. ആവശ്യമെങ്കിൽ വിലക്കുകൾ ഏർപ്പെടുത്തണം. ഓണത്തിന്റെ മഹിമയും പൊലിമയും കൂട്ടായ്മയുടെ മാധുര്യവും കവരുന്ന വിധത്തിലുള്ള കുത്സിതപ്രവർത്തനങ്ങളിൽ മദ്യ-മയക്കുമരുന്നു, തീവ്രവാദശക്തികളുടെ ഇടപെടലുണ്ടോ എന്നു സർക്കാർ കണ്ടെത്തേണ്ടതാണ്. ■




## വായന

### വിശുദ്ധ കുർബാന സ്വർഗത്തിലേക്കുള്ള എന്റെ ഹൈവേ

ഗ്രന്ഥകർത്താ:
നിക്കോള ഗോറി

ദിവ്യകാരുണ്യഭക്തനായിരുന്ന വിശുദ്ധ കാർളോ അകിറ്റിസിന്റെ സമഗ്ര ജീവചരിത്രം. കാർളോയെ അടുത്തറിഞ്ഞവരുടെ സാക്ഷ്യങ്ങൾ ജീവിതപരിവർത്തനത്തിനും പ്രചോദനത്തിനും കാരണമാവുന്നു. **പ്രസാധനം: സെന്റ് പോൾസ്, എറണാകുളം. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 150.





### നീതിമാന്റെ രക്തം

**പത്ത് ബൈബിൾ ഏകാങ്കനാടകങ്ങൾ**

ഗ്രന്ഥകർത്താ:
റവ. ഡോ. സെബാസ്റ്റ്യൻ കിഴക്കെയിൽ

പത്തു ബൈബിൾ ഏകാങ്കനാടകങ്ങളുടെ സമാഹാരം. ബൈബിൾ വായനയിൽനിന്നെന്നപോലെ ദൈവസ്വരം ഉച്ചത്തിൽ കേൾക്കാൻ ഈ ലഘുനാടകങ്ങൾ വായനക്കാരെ സഹായിക്കുന്നു. **പ്രസാധനം: ജീവൻ ബുക്സ്, ഭരണങ്ങാനം, വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 260.




### ജീവിതം ഓർമകളുടെ പുസ്തകം

ഗ്രന്ഥകർത്താ:
ഡോ. സിബി മാത്യുസ്

സമൂഹത്തിലെ നേർക്കാഴ്ചകളെയും മനുഷ്യസ്വഭാവത്തെയും കണ്ടും കേട്ടും മനസ്സിലാക്കാനും വിലയിരുത്താനും ഗ്രന്ഥകർത്താവ് എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. അവയെല്ലാം ഈ ഗ്രന്ഥത്തിൽ അനുവാചകരുമായി പങ്കുവയ്ക്കുന്നു. **പ്രസാധനം: വിമല ബുകസ്, കാഞ്ഞിരപ്പള്ളി. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 130.




### പൊരുൾ

ഗ്രന്ഥകർത്താ:
ജോസ് മരിയദാസ്

പൊരുളറിയാനുള്ള അന്വേഷണം തീർഥയാത്രപോലെ പവിത്രമാണ്. സാധാരണജീവിതത്തിന്റെ അതിസാധാരണമായ അനുഭവങ്ങളിലൂടെ അത്തരമൊരു യാത്ര പുരോഗമിക്കുന്നതിന്റെ വിവരണമാണ് ഈ നോവലിന്റെ ഉള്ളടക്കം. **പ്രസാധനം: ജീവൻ ബുക്സ് ഭരണങ്ങാനം. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 240.




**മിനിക്കഥ** — **ഉണ്ണി വാരിയത്ത്**

## ഇപ്പോൾ

സ്ത്രീകൾ എന്തും മൂടിവച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു - രഹസ്യമൊഴികെ!

ഇപ്പോൾ, എല്ലാം തുറന്നുകാണിക്കുന്ന കാലം - രഹസ്യമുൾപ്പെടെ!

ചുരുക്കത്തിൽ, രഹസ്യം പരസ്യവും, ഉള്ളത് ഇല്ലാത്തതും, ഇല്ലാത്തത് ഉണ്ടെന്നു തോന്നിപ്പിക്കുന്നതും, ഉള്ളതിനെയും ഇല്ലാത്തതിനെയും ഊതിവീർപ്പിക്കുന്നതുമൊക്കെയായി. അയ്യേ! എന്നു പറഞ്ഞാൽ മതിയല്ലോ!

# മാർപാപ്പാ @ 70



ലെയോ പതിന്നാലാമൻ മാർപാപ്പായ്ക്ക് എഴുപതാം ജന്മദിനത്തിൽ ലോകമെങ്ങുംനിന്ന് ആശംസാപ്രവാഹങ്ങൾ.

ലോകനേതാക്കൾ, വിവിധ രാജ്യങ്ങളിലെ ബിഷപ്സ് കോൺഫെറൻസുകൾ, ഇതരസഭാമേലധ്യക്ഷന്മാർ, വിവിധ നേതാക്കൾ, വിശ്വാസികൾ എന്നിവരാണ് ആശംസകളയച്ചത്.

ഇറ്റലിയിലെ എല്ലാജനങ്ങൾക്കുവേണ്ടിയും സ്വന്തം പേരിലും മാർപാപ്പായ്ക്ക് ആത്മാർഥമായ ആശംസകളും ആത്മീയവും വ്യക്തിപരവുമായ ക്ഷേമവും നേരുന്നതായി ഇറ്റാലിയൻ പ്രസിഡന്റ് സെർജിയോ മാത്തറെല്ല സന്ദേശത്തിൽ പറഞ്ഞു. ലോകസമാധാനത്തിനായി മാർപാപ്പാ നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു. നിരവധി കുട്ടികളും മാർപാപ്പായ്ക്ക് ആശംസകളയച്ചു. വിവിധ ആശുപത്രികളിൽനിന്ന് രോഗികളായ കുട്ടികൾ അവരുടെ പെയ്ന്റിങ്ങുകൾ മാർപാപ്പായ്ക്ക് അയച്ചുകൊടുത്തു. മാർപാപ്പായുടെ ജന്മനാടായ ഷിക്കാഗോയിലും അദ്ദേഹം ബിഷപ്പും മിഷനറിയുമായിരുന്ന പെറുവിലും ജന്മദിനത്തോടനുബന്ധിച്ച് ആഘോഷപരിപാടികൾ സംഘടിപ്പിച്ചിരുന്നു.

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ത്രികാലപ്രാർഥനയിൽ പങ്കെടുക്കാനെത്തിയ തീർഥാടകർ മാർപാപ്പായ്ക്ക് ആശംസകൾ നേർന്നു.

70 എന്നെഴുതിയ അലങ്കാരബലൂണുകളുമായി എത്തിയ നിരവധി തീർഥാടകരെയും കാണാമായിരുന്നു. മാർപാപ്പാ എത്തിയതോടെ എല്ലാവരും 'ഹാപ്പി ബർത്ത്ഡേ' ആശംസകൾ മുഴക്കി.

**ശ്രേഷ്ഠമലയാളം**

# ത്വങ്മാംസം



ഡോ. ഡേവിസ് സേവ്യർ

**സം**സ്കൃതത്തിലെ ത്വക് മലയാളത്തിലെ ത്വക്ക് എന്നാകുന്നു. അന്യഭാഷാപദങ്ങൾ ഏകമാത്രകമല്ലെങ്കിലും സ്വരം ചേരുമ്പോൾ വ്യഞ്ജനം ഇരട്ടിക്കാറുണ്ട്. മനസ് - മനസ്സ്, വാക് - വാക്ക്, ബുക് - ബുക്ക്. ഇതുപോലെ ത്വക്-ത്വക്ക് ആയി മാറുന്നു. പദാന്തത്തിൽ വ്യഞ്ജനം വന്നാൽ സംവൃതോകാരം ചേർക്കണമെന്നുമുണ്ടല്ലോ. ത്വക് → ത്വക്ക്. ശരീരത്തിന്റെ പ്രകൃത്യാ ഉള്ള ആവരണമാണ് ത്വക്ക്. തൊലി എന്നർഥം. പഞ്ചേന്ദ്രിയങ്ങളിൽ (സ്പർശനേന്ദ്രിയം) ഒന്നായും ഇതറിയപ്പെടുന്നു. ത്വക്കിന് ഏഴുപാളികൾ ഉള്ളതായി അഷ്ടാംഗഹൃദയത്തിൽ കാണുന്നു.*

ത്വക്, മാംസം എന്നീ പദങ്ങൾ സന്ധി ചെയ്യുമ്പോൾ ത്വങ്മാംസം എന്നു ലഭിക്കുന്നു. രണ്ടു പദങ്ങളും സംസ്കൃതമായതിനാൽ സംസ്കൃതനിയമപ്രകാരമാണ് സന്ധി ചെയ്യേണ്ടത്. "പഞ്ചമത്തിൻ മുമ്പു വർഗ്ഗ്യം സ്വസ്വപഞ്ചമമായിയും" ** (കാരിക 38) എന്നാണു നിയമം. അതായത്, പദാന്തസന്ധിയിൽ പിൻവരുന്ന അനുനാസികം പ്രത്യയത്തിന്റേതാണെങ്കിൽ അനുനാസികാദേശം നിത്യമായി സംഭവിക്കും. വാക്+മാധുര്യം = വാങ്മാധുര്യം; വാക്+മയം=വാങ്മയം, ചിത്+മയം= ചിന്മയം; ദിക്+മാത്രം=ദിങ്മാത്രം; അപ്+മയം=അമ്മയം എന്നിങ്ങനെ ഉദാഹരണങ്ങൾ കണ്ടെത്താം. (വാക് + മാധുര്യം = വാഗ്മാധുര്യം എന്നുമാകാം.)

'ത്വങ്മാംസം → തൊലിയും ഇറച്ചിയും. അനുനാസികമായ (nasal) മകാരത്തിന് തൊട്ടുമുമ്പുള്ള കകാരത്തിന് ങ എന്ന അനുനാസികം ആദേശം വരുന്ന സവർണനം (assimilation) എന്ന പ്രവണതയെന്നും ഇതിനെ വിശേഷിപ്പക്കാം. ത്വഗിന്ദ്രിയം→ഇന്ദ്രിയം, രോഗം എന്നിവയുടെ തുടക്കത്തിലുള്ള ഇ, ര എന്നീ സ്വനങ്ങൾക്കു തൊട്ടുമുമ്പ് ത്വക് എന്നതിലെ കകാരത്തിന് ഗകാരം ആദേശം വരുന്നു. നാദിസ്വനത്തിനു മുമ്പ് ശ്വാസി (voiceless) സ്വനം നാദി (voiced) യുമാവുന്ന സവർണനപ്രക്രിയ' ഇവിടെയും പ്രകടമാണ്.***

** ത്വക്കിന്റെ ഏഴുപാളികൾ: അവഭാസിനി, ലോഹിത, ശ്വേത, താമ്ര, വേദിനി, രോഹിണി, മാംസധാര*

*** രാജരാജവർമ്മ ഏ.ആർ. മണിദീപിക (വ്യാകരണം) കേരളസാഹിത്യഅക്കാദമി, തൃശൂർ, 1987, പുറം-39.*

**** പ്രബോധചന്ദ്രൻനായർ, വി.ആർ. ഡോ. എഴുത്തു നന്നാവാൻ, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005, പുറം-74.*

**കാർഷികം**


# പേരയ്ക്ക

ജോഷി മുഞ്ഞനാട്ട്

**നി**സ്സാരക്കാരനല്ല പേരയ്ക്ക. അസാധാരണമായ പോഷകഗുണങ്ങളുള്ള ഒരു ഫലമാണ്. ഉയർന്ന തോതിൽ വൈറ്റമിൻ സി ഇതിൽ അടങ്ങിയിരിക്കുന്നു. കാൽസിയം, ഫോസ്ഫറസ്, ഇരുമ്പ് എന്നിവയും ധാരാളം.

നല്ല സ്വാദും സുഗന്ധവുമുള്ള പഴമാണ് പേരയ്ക്ക. ഇനമനുസരിച്ച് സ്വാദിലും മണത്തിലും ഗുണത്തിലും വ്യത്യാസവുമുണ്ട്. കൊഴുപ്പ്, ജലാംശം, നാരുകൾ, കാൽസിയം, വിറ്റാമിൻ സി, കാർബോഹൈഡ്രേറ്റ് തുടങ്ങിയവ വിവിധ അളവിൽ ഇതിൽ അടങ്ങിയിരിക്കുന്നു.

ജലദോഷം പിടിപെടാതിരിക്കാൻ പേരയ്ക്ക നല്ലതാണ്. കൂടാതെ, പല്ലുകൾക്കും മോണയ്ക്കും ഉത്തമം.



സംസ്കൃതത്തിൽ ഇതിനെ അമൃതഫലം എന്നാണ് വിളിക്കുന്നത്. ജാം, ജെല്ലി, ജ്യൂസ് തുടങ്ങിയവ തയ്യാറാക്കാൻ പേരയ്ക്ക ഉപയോഗപ്പെടുത്താം. സംസ്കരണം നടത്തിയാൽ പോലും വിറ്റാമിൻ സി നഷ്ടപ്പെടുകയില്ല.

ശരീരത്തിലെ എല്ലിന്റെയും പല്ലിന്റെയും ബലത്തിനു പേരയ്ക്ക നല്ലതാണ്. നാരുകൾ അഥവാ ഫൈബർ വളരെ ഉയർന്ന തോതിലുള്ളതുകൊണ്ട് മലശോധനയ്ക്കും പേരയ്ക്ക നല്ലതാണ്. ദഹനേന്ദ്രിയപ്രക്രിയകളെ ക്രമവും ത്വരിതവുമാക്കാൻ പേരയ്ക്കും അതിന്റെ തളിരിലയ്ക്കും കഴിയും. പേരയ്ക്ക ക്ഷീണവും തളർച്ചയുമകറ്റുന്നു. അത്താഴത്തിനുശേഷം ഒരു പേരയ്ക്ക കഴിക്കുന്നത് ആരോഗ്യകരമാണ്. മാർക്കറ്റിൽനിന്നും വാങ്ങുന്ന പേരയ്ക്കകൾ നന്നായി കഴുകി വൃത്തിയാക്കിയെടുത്തുവേണം ഉപയോഗിക്കാൻ. പോഷകനിധിയായ പേരയ്ക്ക നിത്യേന ലഭിക്കാൻ നമ്മുടെ വീട്ടുവളപ്പിൽ ഒന്നോ രണ്ടോ പേരമരം നട്ടുവളർത്തുന്നത് ഉചിതമാണ്.

# നീതിയുടെ ലംഘനങ്ങൾ

പ്രഫ. എ. ടി. ഏബ്രഹാം വാളനാട്ട്



ശക്തരശക്തരെക്കീഴ്പ്പെടുത്തിക്കൊന്നു
ഭക്ഷിച്ചിടുന്നൊരു രീതിയല്ലോ
　കാട്ടിലെ നീതി, യിതന്നുമിന്നും തെല്ലും
　മാറ്റമില്ലാതെ തുടർന്നിടുന്നു.
മർത്ത്യവർഗത്തിനു നല്കിയതീശ്വരൻ
മറ്റൊരു നീതിവ്യവസ്ഥയത്രേ.
　ശക്തരെന്നോ ബലഹീനരെന്നോ നോക്കാ-
　തൊറ്റയൊരേ നീതി മാത്രമിതിൽ.
ഇല്ലിവിടാർക്കും മറ്റാരെയുംകാൾ സ്ഥാനം,
തുല്യരെല്ലാരുമിതിൻപ്രകാരം.
　എന്നാലീ ശ്രേഷ്ഠമാം പാതയിൽനിന്നൊക്കെ-
　യിന്നു നാമേറെയകന്നുപോയി.
ദീനരായുള്ളോരെ ശക്തരായുള്ളവർ
ഹീനമായ് ചൂഷണം ചെയ്തിടുന്നു.
　ആശ്വാസമേകാൻ കെല്പുള്ളോരധികവും
　ക്ലേശിതരിൽ ദയ തീണ്ടിടാത്തോർ.
ജോലി താങ്ങാവതിന്നപ്പുറം ചെയ്താലും
കൂലിയർഹിപ്പതു നല്കയില്ല.
　ആയിരമേക്കറൊരാൾക്കുണ്ടു ഭൂമി, പ-
　ത്തായിരം മറ്റൊരുവന്നു, മെന്നാൽ
ഈയുലകിന്നുള്ളിലെങ്ങും ശിരസ്സൊന്നു
ചായിക്കുവാൻ മണ്ണില്ലാതനേകർ.
　സമ്പത്തും സ്ഥാനവുമൊക്കെയായാൽ പിന്നെ
　സ്വന്തം ജനത്തെയും വേണ്ടെന്നായി.
ദുർബലർ മാതാപിതാക്കൾതൻ ശുശ്രൂഷ
ദുഷ്കരമായിട്ടു തോന്നുകയാൽ
　വൃദ്ധസദനങ്ങൾ തന്നകം കൊണ്ടാക്കി
　സ്വസ്ഥമായ് വാഴുന്നു മക്കളെങ്ങോ.
ഭർത്തൃഗൃഹാന്തരപീഡനത്താലാത്മ-
ഹത്യ ചെയ്യുന്നു കുടുംബിനികൾ.
　കൂടുതൽ സ്വത്തു മോഹിച്ചു കലഹിച്ചു
　സോദരഹത്യ ചെയ്യുന്നു പലർ.
അംഗനമാർ ബലഹീനരായോർ ബലാൽ-
സംഗമനുസ്യൂതം നേരിടുന്നു.
　കുറ്റമേതും ചെയ്യാത്തോരെയടയ്ക്കുന്നു
　നിർദയം കാരാഗൃഹത്തിനുള്ളിൽ.
എങ്ങോട്ടു നമ്മൾ തിരിഞ്ഞാലും നീതിതൻ
ലംഘനമല്ലോ കാണുന്നതേവം.
　സ്നേഹദീപങ്ങളണയുന്നു, സർവത്ര
　ദ്വേഷത്തിൻ കൂരിരുൾ വ്യാപിക്കുന്നു.
യുദ്ധങ്ങളെങ്ങും കൊടുമ്പിരിക്കൊള്ളുന്നു,
സ്വസ്ഥതയില്ലൊരിടത്തുമാർക്കും.
　എന്നിനി ശാന്തിതൻ സൂര്യനുദിക്കുമോ
　മന്നിതിൽ? വേഗം വരട്ടെയാനാൾ.
അന്ധകാരത്തിൻ കനത്തൊരാ വീചികൾ
ക്കന്തരേ നാം മുങ്ങിത്താഴ്ന്നുകൂടാ.

# വികാരതരംഗങ്ങളുണർത്തിയ വിയോഗം

## ചാർളി കിർക്കിന്റെ സംസ്കാരം 21 ന്. പ്രമുഖർ പങ്കെടുക്കും

ഫീനിക്സ്: കഴിഞ്ഞദിവസം വെടിയേറ്റു മരിച്ച അമേരിക്കൻ ഇൻഫ്ളുവൻസറും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വിശ്വസ്തനും വലതുപക്ഷ ആക്ടിവിസ്റ്റുമായിരുന്ന ചാർലി കിർക്കിന്റെ സംസ്കാരം 21 ന് പ്രാദേശിക സമയം രാവിലെ 11 ന് അരിസോണ സംസ്ഥാനതലസ്ഥാനമായ ഫീനിക്സിൽ നടക്കും. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, വൈസ് പ്രസിഡന്റ് ജെ. ഡി. വാൻസ്, വിദേശകാര്യസെക്രട്ടറി മാർക്കോ റൂബിയോ അടക്കമുള്ള പ്രമുഖർ പങ്കെടുക്കും. സമീപകാലത്തു രാജ്യം കണ്ട ഏറ്റവും വലിയ സംസ്കാരച്ചടങ്ങായിരിക്കും കിർക്കിന്റേതെന്നു വിലയിരുത്തപ്പെടുന്നു. 63,000 പേരെ ഉൾക്കൊള്ളാൻ ശേഷിയുള്ള ഫീനിക്സിലെ ഗ്ലെൻഡാലെ സ്റ്റേറ്റ് ഫാം സ്റ്റേഡിയത്തിലായിരിക്കും സംസ്കാരത്തിനു മുന്നോടിയായുള്ള അനുസ്മരണശുശ്രൂഷ.

പ്രസിഡന്റുതിരഞ്ഞെടുപ്പിൽ ട്രംപിനും അദ്ദേഹത്തിന്റെ റിപ്പബ്ലിക്കൻപാർട്ടിക്കും വൻഭൂരിപക്ഷം ലഭിക്കാനിടയാക്കിയത് ചാർളി കിർക്കിന്റെയും അദ്ദേഹം സ്ഥാപിച്ച ടേണിങ് പോയിന്റ് യുഎസ്എ എന്ന സംഘടനയുടെയും പ്രവർത്തനഫലമായാണ്. അതിനാൽത്തന്നെ അദ്ദേഹത്തിന്റെ അപ്രതീക്ഷിതവേർപാട് അറിഞ്ഞ നിമിഷംതന്നെ രാജ്യമെങ്ങും ദേശീയപതാകകൾ പാതി താഴ്ത്തിക്കെട്ടുകയും രാജ്യത്തിന്റെ പരമോന്നത സിവിലിയൻ പുരസ്കാരമായ പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം കിർക്കിനു നൽകുമെന്ന് ട്രംപ് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. കിർക്കിന്റെ രണ്ടു മക്കളുടെയും ആജീവനാന്തചെലവ് ശതകോടീശ്വരൻ ഇലോൺ മസ്ക് ഏറ്റെടുത്തിട്ടുണ്ട്. കൊലപാതകത്തിനു പിന്നാലെ എയർഫോഴ്സ് ടു വിമാനത്തിലെത്തി വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസും ഭാര്യ ഉഷ വാൻസും ചേർന്നാണ് കിർക്കിന്റെ ഭൗതികദേഹം ഇതേ വിമാനത്തിൽ അരിസോണ സംസ്ഥാനത്തെ ഫീനിക്സിലേക്കു കൊണ്ടുപോയത്. കിർക്കിന്റെ ഭാര്യ എറിക്ക കിർക്കും മറ്റു കുടുംബാംഗങ്ങളും മൃതദേഹത്തെ അനുഗമിച്ചിരുന്നു.



ചാർളി കിർക്കും ഭാര്യ എറിക്കയും മക്കളോടൊപ്പം

കഴിഞ്ഞ ബുധനാഴ്ചയാണ് യൂട്ടാ കൗണ്ടിയിലെ ഒറേമിലുള്ള യൂട്ടാവാലി സർവകലാശാലയിൽ തന്റെ 'അമേരിക്കൻ കംബാർക്ക് ടൂറി'ന്റെ ഭാഗമായി വിദ്യാർഥികളുമായി സംവദിക്കുന്നതിനിടെ ചാർളി കിർക്ക് വെടിയേറ്റു മരിച്ചത്. കേസിൽ ടൈലർ റോബിൻസൺ എന്ന 22 കാരൻ അറസ്റ്റിലായി. യൂട്ടാ കൗണ്ടി ജയിലിൽ എഫ്ബിയുടെ നിരീക്ഷണത്തിലായിരുന്ന അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കി.

ചാർളി കിർക്കിന്റെ കൊലപാതകത്തിനുശേഷം ഭാര്യ എറിക്ക കിർക്ക് ഇതാദ്യമായി വികാരനിർഭരമായ സന്ദേശവുമായി വെള്ളിയാഴ്ച സമൂഹമാധ്യമത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഈ വിധവയുടെ നിലവിളി ലോകമെമ്പാടും ഒരു യുദ്ധകാഹളം പോലെ പ്രതിധ്വനിക്കുമെന്നും ഭർത്താവ് ചെയ്തിരുന്ന കാമ്പസ് ടൂർ, റേഡിയോ ഷോ, പോഡ്കാസ്റ്റ് എന്നീ ജോലികൾ താൻ ഏറ്റെടുക്കുമെന്നും അരാജകത്വവും അനിശ്ചിതത്വവും നിറഞ്ഞ ഈ ലോകത്ത് അദ്ദേഹത്തിന്റെ ശബ്ദം താൻ നിലനിർത്തുമെന്നും ലൈവ് സ്ട്രീമിങ്ങിൽ എറിക്ക പറഞ്ഞിരുന്നു. ചാർലി പോഡ്കാസ്റ്റുകൾ ചെയ്തിരുന്ന ഓഫീസിൽ അദ്ദേഹം സ്ഥിരമായി ഉപയോഗിച്ചിരുന്ന കസേരയുടെ പശ്ചാത്തലത്തിലായിരുന്നു പലപ്പോഴും കണ്ണീർവാർത്തുള്ള എറിക്കയുടെ സന്ദേശം. കിർക്കിന്റെ വധത്തോടെ അദ്ദേഹത്തിന് അനുകൂലമായ വികാരം അമേരിക്കയിലെങ്ങും അലയടിക്കുകയാണെന്നാണ് റിപ്പോർട്ട്. ■





മാത്യൂസ് ആർപ്പൂക്കര

# ജെല്ലിഫിഷും കൂട്ടരും

**ക**ടലിലെ പാറക്കെട്ടുകൾക്കിടയിൽ ആഴംകുറഞ്ഞ സ്ഥലങ്ങളിൽ കാണപ്പെടുന്ന ഒരു വിചിത്രമത്സ്യമാണ് ജെല്ലിഫിഷ്. മലയാളത്തിൽ ഇതിനെ കടൽക്കൂട എന്നു പറയുന്നു. മത്സ്യവുമായി ജെല്ലിഫിഷിന് യാതൊരു ബന്ധവുമില്ലെന്നതാണു വാസ്തവം. ഇവയെ സ്പർശിച്ചാലോ, ചൊറിച്ചിലുമുണ്ടാവും. എപ്പോഴും വെള്ളത്തിൽ തത്തിക്കളിക്കുന്ന ജെല്ലിഫിഷിന്റെ ശരീരത്തിൽനിന്നു ചെണ്ടുപോലുള്ള അവയവങ്ങൾ കീഴോട്ടു തൂങ്ങിക്കിടക്കുന്നു. ടെന്റിക്കിൾ എന്ന ഈ അവയവം വഴിയാണ് ജെല്ലിഫിഷ് ആഹാരം ശേഖരിക്കുക. കുടക്കാൽ കണക്കെ താഴേക്കിറങ്ങിക്കാണുന്ന ഒരു മുഴയും ദൃശ്യമാണ്. അതിന്റെ അറ്റത്താണു വായ്.

ജെല്ലിഫിഷുകൾ പലയിനങ്ങളുണ്ട്. വലുപ്പത്തിലും ആകാരത്തിലും ഇവയ്ക്കു വ്യതിയാനങ്ങൾ കാണാം. ഏറ്റവും ചെറിയ കടൽക്കൂടയുടെ വ്യാസം ഏതാനും സെന്റീമീറ്ററുകൾ മാത്രമാണ്. ചലനങ്ങൾ വളരെ താളാത്മകമാണ്. അർദ്ധഗോളാകൃതിയിലുള്ള ശരീരം വികസിക്കുകയും ചുരുങ്ങുകയും ചെയ്യുന്നു. വലിയ ജെല്ലിഫിഷുകൾ അപകടകാരികൾതന്നെ. അവയുടെ ടെന്റക്കിളുകളിൽ വിഷാംശമുണ്ട്.

കോളിളക്കം കഴിഞ്ഞ കടൽ ശാന്തമായാൽ കടൽക്കരയിൽ ഒരുമാതിരി ജന്തുക്കൾ അടിഞ്ഞുകൂടുന്നതു കാണാം. ഞളുഞളുത്ത ശരീരമുള്ള ഇക്കൂട്ടരാണ് ജെല്ലിഫിഷുകൾ. ജെല്ലിമീനിനും ആ വക കൂട്ടുകാർക്കും 'ചൊറി' എന്ന പൊതുവായ വിളിപ്പേരാണ് മുക്കുവർ ഇട്ടിരിക്കുന്നത്. ഇവറ്റയെ തൊട്ടാൽ ചൊറിച്ചിൽ അനുഭവപ്പെടുമെന്നതുതന്നെ കാരണം. ജെല്ലിമീനുകൾ വാസ്തവത്തിൽ മീനുകളല്ലെന്നു പറഞ്ഞല്ലോ. ട്യൂബുലേറിയയുടെ വർഗബന്ധുക്കളാണിവർ. ജലത്തിൽ യഥേഷ്ടം ചരിക്കുന്ന ഈ പ്ലാങ്ക്ടൺജന്തുക്കൾക്കു പ്രത്യേക ചലനാവയവങ്ങളൊന്നുമില്ല. ഒരു ശീലക്കുടയ്ക്കെന്നപോലെ ജെല്ലിമീനിനും കൂട്ടുകാർക്കും ഇടവും വലവും മുമ്പും പിമ്പുമൊന്നുമില്ല. ടെന്റക്കിളുകൾ തോരണം മാതിരി



തൂങ്ങിക്കിടക്കുന്ന നേർക്കാഴ്ച കാണാം. ട്യൂബുലേറിയയിൽ എന്നപോലെ ഇവിടെയും ആപത്ത് മറഞ്ഞിരിപ്പുണ്ട്. ചെറുജീവികളെ വിഷമേല്പിച്ച് ആഹരിക്കുന്ന കാഴ്ച.

കടലിൽ മനോഹരമായ സസ്യങ്ങളുണ്ട്, പൂക്കളുണ്ട്. അവ വെറും സസ്യങ്ങളല്ല, ജന്തുക്കളാണ്. ട്യൂബുലേറിയ എന്നാണ് ഇതിലൊന്നിനു ശാസ്ത്രകാരന്മാർ പേരിട്ടിരിക്കുന്നത്. പൂത്തണ്ടാണ് ജന്തുശരീരം. അനേകയെണ്ണം പടർന്നുവളരുകയാണു പതിവ്. പുഷ്പാകാരമാർന്ന ശരീരം ഏതെങ്കിലും ഘനപദാർഥത്തിൽ പറ്റിപ്പിടിച്ചാണ് വളരുക. ട്യൂബുലേറിയ, ജെല്ലിമീൻ, കടൽക്കാറ്റാടി എന്നിവയുടെയെല്ലാം മൗലികഘടന മിക്കവാറും ഒന്നുതന്നെയാണ്.

ജെല്ലിമീനിന്റെ കുടുംബക്കാരനായ മറ്റൊരു പ്ലാങ്ക്ടൺജന്തുവാണ് 'പറങ്കിപ്പടയാളി.' ഒരു വ്യത്യാസം - പൊങ്ങിക്കിടക്കുന്ന ഈ ജന്തു ഒരു വ്യക്തിയല്ല, വ്യക്തികളുടെ കൂട്ടമാണ്. സസ്യപ്ലാങ്ക്ടണുകളിൽ പലരും കൈകോർത്തുപിടിച്ച് കോളനികളായി കഴിയുന്നുണ്ട്. അതുപോലെ, ചില ജന്തുക്കളും അങ്ങനെ കോളനികളായി കടലിൽ ജീവിക്കുന്നുണ്ട്. മൂന്നാമതൊരു കൂട്ടർ കോളനികളുടെ രക്ഷാകർത്താക്കളായി വർത്തിക്കുന്നതും കാണാം. മുള്ളൻപന്നിയുടെ മുള്ളുകൾപോലെ നീണ്ടുകൂർത്ത വിഷനാരുകളുണ്ടിവയ്ക്ക്.

വേലല്ല എന്ന കോളനികൾ കടൽത്തീരങ്ങളിൽ സാധാരണമായി കാണപ്പെടുന്നുണ്ട്. ഏതാണ്ട് പത്തു സെന്റീമീറ്റർ വട്ടവും നാലു സെന്റീമീറ്റർ വണ്ണവുമുള്ളതാണ് വേലല്ലയുടെ പൊങ്ങിക്കിടക്കുന്ന ഭാഗം. കടുംനീലനിറമാണ്. കടൽനുരകളിലും ഓളങ്ങളിലും വേലല്ലയുടെ നൃത്തവിശേഷങ്ങൾ ചേതോഹരമാണ്.

Deepanalam Weekly
RNI No : 16998/68
Vol. 58 No. 29 Date of Publication 18 September 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




36 വർഷത്തെ സേവനപാരമ്പര്യം
# നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn. അരുണാപുരം പി.ഒ., പാലാ Ph: 9495195739
Govt. V.H.S.S. നു സമീപം പൊൻകുന്നം Ph: 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10 നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University) Regular, Postal & Holiday Classes

**1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം**
എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം

**+ 2 പരാജിതർക്ക് 3 വിഷയം മാത്രം**
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org